# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം
2013 ജൂൺ 11, ചൊവ്വ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 336)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി | 312 മുതൽ 455 വരെ |
| സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി | 456 മുതൽ 502 വരെ |
| ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | 503 മുതൽ 588 വരെ |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി | 589 മുതൽ 647 വരെ |

### വൈദ്യുതി ബോർഡ് പുന:സംഘടന

312 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡ് പുന:സംഘടന ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ അവസരത്തിൽ ജീവനക്കാരുടെ പെൻഷൻ സുരക്ഷ ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) പെൻഷൻ സുരക്ഷ ഉറപ്പാക്കുന്നതിന് നിയമപരമായ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

കെ.എസ്.ഇ.ബി. യുടെ കമ്പനിവല്‍ക്കരണം

313 ശ്രീ. പി.ബി.അബ്ദുള്‍ റസാക്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കെ.എസ്.ഇ.ബി. യെ കമ്പനിയാക്കുന്ന പ്രവര്‍ത്തനങ്ങള്‍ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇങ്ങനെ രൂപീകരിക്കുന്ന കമ്പനിയില്‍ സ്വകാര്യ നിക്ഷേപം സ്വീകരിക്കുവാന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പുതിയ കമ്പനിയിലേക്ക് ഉദ്യോഗാര്‍ത്ഥികളെ നിയമിക്കാനുള്ള അധികാരം ആര്‍ക്കാണ്; പി.എസ്.സി. മുഖേനയുള്ള നിയമനരീതി തുടരുമോ; വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**11.06.2013-ലെ മറുപടിക്ക്**

<u>കെ.എസ്.ഇ.ബി കമ്പനിയാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ</u>

314 ശ്രീ. മാത്യു റ്റി. തോമസ്
,, ജോസ് തെറ്റയിൽ
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി കമ്പനിയാക്കുവാൻ തത്വത്തിൽ തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) കമ്പനിയാക്കുമ്പോൾ പൊതുജനങ്ങൾക്ക് കൂടുതൽ പ്രയോജനമുള്ള എന്തൊക്കെ സേവനങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ഇതു സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

വൈദ്യുതി ബോർഡിന് പിരിഞ്ഞുകിട്ടാനുള്ള തുക

315 ശ്രീ. സി. ദിവാകരൻ
,, ജി. എസ്. ജയലാൽ
,, ഇ. കെ. വിജയൻ
ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ചാർജ്ജിനത്തിൽ 2013 മാർച്ച് 31 വരെ വൈദ്യുതി ബോർഡിന് പിരിഞ്ഞുകിട്ടാനുള്ള തുക എത്ര; ഇതിൽ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും പിരിഞ്ഞുകിട്ടാനുള്ള തുക എത്ര;

(ബി) കോടതികളിൽ കേസ് നിലവിലുള്ളതിനാൽ കുടിശ്ശിക തുക പിരിച്ചെടുക്കാൻ കഴിയാത്ത അവസ്ഥയുണ്ടോ; എങ്കിൽ അത് എത്രയെന്ന് വ്യക്തമാക്കുമോ;

(സി) വൻകിട സ്വകാര്യ കമ്പനികളുടെ വൈദ്യുതി കുടിശ്ശിക എത്രയാണ്; പ്രസ്തുത തുക പിരച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ഡി) സർക്കാർ സ്ഥാപനങ്ങളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും കുടിശ്ശിക ഈ കാലയളവിൽ എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഇ) ഭീമമായ വൈദ്യുതി കുടിശ്ശിക പിരിച്ചെടുത്ത് ഗാർഹിക ഉപഭോക്താക്കളെ ചാർജ്ജ് വർദ്ധനവിൽ നിന്ന് ഒഴിവാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള എന്ത് നടപടികളാണ് സ്വികരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>അടുത്ത പഞ്ചവൽസര പദ്ധതിയിലെ വൈദ്യുതി ഉല്പാദന ലക്ഷ്യം</u>

316 ശ്രീ. കെ. എം. ഷാജി
,, അബ്ദുറഹിമാൻ രണ്ടത്താണി
,, പി. ബി. അബ്ദുൾ റസാക്
,, വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടുത്ത പഞ്ചവത്സര പദ്ധതിയിൽ സംസ്ഥാനത്തിന്റെ വൈദ്യുതി ഉല്പാദനലക്ഷ്യം സംബന്ധിച്ച വിശദവിവരം നല്കാമോ ;

(ബി) പ്രസ്തുത കാലയളവിലേക്ക് കണക്കാക്കുന്ന അധിക വൈദ്യുതിയുടെ ആവശ്യം സംബന്ധിച്ച വിവരം വിശദമാക്കാമോ ;

(സി) ഏതൊക്കെ സ്രോതസ്സുകളാണ് ഇതിനായി ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ;

(ഡി) വൈദ്യുത ഉപഭോഗ നിയന്ത്രണത്തിനുള്ള പദ്ധതികളെന്തെങ്കിലും പരിഗണനയിലുണ്ടോ ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>ഊർജ്ജിത ഊർജ്ജ വികസന പുനരുദ്ധാരണ പദ്ധതി</u>

317 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുനഃക്രമീകരിച്ച ഊർജ്ജിത ഊർജ്ജ വികസന പുനരുദ്ധാരണ പദ്ധതി (ആർ.എ.പി.ഡി.ആർ.പി)യുടെ പ്രവർത്തനങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ;

(ബി) ഇതു പ്രകാരം എത്ര പദ്ധതികളാണ് നടപ്പിലാക്കുന്നതെന്നും ഇതിനു വേണ്ടി എന്തു തുകയാണ് വകയിരുത്തിയതെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) ഇവയുടെ ലക്ഷ്യം എത്രത്തോളം കൈവരിച്ചുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

ഇലക്ട്രിസിറ്റി ബോർഡിന്റെ ബാധ്യത

318 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഇലക്ട്രിസിറ്റി ബോർഡിന്റെ ബാധ്യത എത്ര കോടിയായിരുന്നു; ഇപ്പോൾ എത്ര കോടിയാണ്; എത്ര ശതമാനം വർധനയാണിപ്പോൾ ഉണ്ടായിരിക്കുന്നത്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന 2011-12 വർഷത്തിൽ ബോർഡിന്റെ വരുമാനം ആകെ എത്രയായിരുന്നു; അത് 2012-13ൽ എത്രയായി വർദ്ധിച്ചിട്ടുണ്ട്?

**കേരള നിയമസഭ**
**11.06.2013-ലെ മറുപടിക്ക്**

ഊർജ്ജ മേഖലയിൽ കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ

319 ശ്രീ.എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ മേഖലയിൽ നടപ്പു വർഷം ഏതെല്ലാം പദ്ധതികളാണ് കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ നിന്നും എത്ര യൂണിറ്റ് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾക്ക് ഇതുവരെ എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 11.06.2013-ലെ മറുപടിക്ക്

<u>പുതിയ വൈദ്യുത പദ്ധതികൾ</u>

320 ശ്രീ.കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് ഏതെങ്കിലും പുതിയ വൈദ്യുത പദ്ധതികളുടെ നിർമ്മാണം ആരംഭിച്ച് അതിൽ നിന്നും വൈദ്യുതി ഉല്പാദനം നടത്തുകയുണ്ടായോ;

(ബി) എങ്കിൽ ഏത് പദ്ധതിയാണെന്നും നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിരുന്നത് എപ്പോഴായിരുന്നുവെന്നും, നിർമ്മാണം ആരംഭിച്ചതും, ഉല്പാദനം തുടങ്ങിയതും ഏത് തീയതിയിലാണെന്നും പുതുതായി എത്ര മെഗാവാട്ട് ഉൽപാദന ശേഷിയാണ് സ്ഥാപിക്കപ്പെട്ടതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>പുതിയ വൈദ്യുത ഉൽപാദന പദ്ധതികൾ</u>

321 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ജലവൈദ്യുത പദ്ധതികൾ ഏതെങ്കിലും പുതുതായി ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം പുതുതായി മറ്റ് ഏതെങ്കിലും വൈദ്യുത ഉൽപാദന പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ഡി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) വർദ്ധിച്ചുവരുന്ന വൈദ്യുതി ഉപഭോഗം പരിഹരിക്കുന്നതിന് മറ്റ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

**കേരള നിയമസഭ**
**11.06.2013-ലെ മറുപടിക്ക്**

<u>ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ</u>

322 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2012-13 വർഷത്തെ ബഡ്ജറ്റിൽ ഊർജ്ജ വകുപ്പിൽ നടപ്പിലാക്കുന്നതിന് പ്രഖ്യാപിച്ച പദ്ധതികളിൽ, നടപ്പിലാക്കിയിട്ടില്ലാത്തവ ഏതൊക്കെയെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

രാജീവ്ഗാന്ധി ഗ്രാമീണ്‍ വൈദ്യുതീകരണ്‍ യോജന

323 ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) രാജീവ്ഗാന്ധി ഗ്രാമീണ്‍ വൈദ്യുതീകരണ്‍ യോജന പ്രകാരം കഴിഞ്ഞ വര്‍ഷം വയനാട് ജില്ലയില്‍ ചെലവഴിച്ച തുകയുടെ നിയോജകമണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) നടപ്പുവര്‍ഷം പ്രസ്തുത പദ്ധതിയുടെ ജില്ലയിലെ ഭൗതിക ലക്ഷ്യം എത്രയെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഇതിനായി എത്ര തുകയാണ് ബഡ്ജറ്റില്‍ നീക്കിവച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

ജലവൈദ്യുത പദ്ധതികൾ വഴിയുള്ള വൈദ്യുത ഉൽപാദനം

324 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ജലവൈദ്യുത പദ്ധതികളാണ് നിലവിലുള്ളത്; അവ ഏതൊക്കെയാണ് ;

(ബി) ഇവ ഓരോന്നിൽ നിന്നും എത്ര യൂണിറ്റ് വൈദ്യുതിയാണ് പ്രതിദിനം ഉൽപാദിപ്പിക്കുന്നത് ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>പെരുന്തേനരുവി ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണം</u>

325 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെരുന്തേനരുവി ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണം എന്നാണാരംഭിച്ചത്; എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; ഇപ്പോൾ എന്തൊക്കെ നിർമ്മാണങ്ങളാണ് നടന്നുവരുന്നത്; പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; പ്രസ്തുത പദ്ധതിക്ക് എന്തു ചെലവു വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; ഏത് ഏജൻസിയാണ് നിർമ്മാണക്കരാറുകൾ ഏറ്റെടുത്തിട്ടുള്ളത്;

(ബി) സമയബന്ധിതമായി പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കി അതിന്റെയടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

ആർ. ജി. ജി. വി. വൈ.

326 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ. ജി. ജി. വി. വൈ. ഏതെല്ലാം ജില്ലകളിലാണ് നടപ്പിലാക്കുന്നത്;

(ബി) കാലാവധി കഴിഞ്ഞിട്ടും ഏതെല്ലാം ജില്ലകളിലാണ് പദ്ധതി പൂർത്തിയാകാത്തത്; വ്യക്തമാക്കാമോ;

(സി) പൂർത്തിയാകാത്തവയുടെ കാലാവധി നീട്ടിക്കൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതുവരെ;

(ഡി) ആർ. ജി. ജി. വി. വൈ. യുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>ആർ. എ. പി. ഡി. ആർ. പി. പദ്ധതിയുടെ പ്രൈമറി/സെക്കന്ററി സർവ്വീസ് പ്രൊവൈഡർമാർ</u>

327 ശ്രീ.കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡ് നടപ്പാക്കുന്ന ആർ. എ. പി. ഡി. ആർ. പി. പദ്ധതിയുടെ പ്രൈമറി സർവീസ് പ്രൊവൈഡറും, സെക്കന്ററിസർവീസ് പ്രൊവൈഡറും ഏതൊക്കെ സ്ഥാപനങ്ങളാണെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് സർക്കാർ/അർദ്ധ സർക്കാർ/ സഹകരണ മേഖലയിൽ ഇതിന് അനുയോജ്യമായ സ്ഥാപനങ്ങൾ നിലവിലുണ്ടോ; എങ്കിൽ അത്തരത്തിൽ ഏതെങ്കിലും സ്ഥാപനത്തെയാണോ ഇതിനായി കണ്ടെത്തിയിട്ടുളളത്; വിശദമാക്കാമോ;

(സി) റിലയൻസ് കമ്മ്യൂണിക്കേഷൻ കമ്പനിയെ ഈ രംഗത്ത് കൊണ്ടുവരുന്നതിനായി എന്തെങ്കിലും ചർച്ചകൾ നടന്നിട്ടുണ്ടോ; എങ്കിൽ പൊതുമേഖലയിലുളള സ്ഥാപനങ്ങൾ ഉണ്ടായിരിക്കേ സ്വകാര്യ കമ്പനിയെ പ്രസ്തുത പ്രവൃത്തി ഏല്പിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

ആർ. എ. പി. ഡി. ആർ.പി പദ്ധതി

328 ശ്രീ.ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 30.5.2012 ൽ ദർഘാസ് ക്ഷണിച്ചിട്ടുള്ളതും ആർ. എ. പി. ഡി. ആർ.പി പദ്ധതി പ്രകാരം അങ്കമാലി, കാലടി, കറുകുറ്റി തുടങ്ങിയ പ്രദേശങ്ങളിൽ ഭൂഗർഭ കേബിളുകൾ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനായുള്ള കൊച്ചി നഗര പദ്ധതിയുടെ പ്രവൃത്തികൾ എന്ന് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) ദർഘാസ് ക്ഷണിച്ച് ഒരു വർഷം ആകാറായിട്ടും ഈ പ്രവൃത്തി ആരംഭിക്കുന്നതിലെ കാലതാമസത്തിനുള്ള കാരണം വിശദീകരിക്കാമോ;

(സി) ഈ പ്രവൃത്തിയ്ക്കുള്ള ഭരണാനുമതിയുടെ കാലാവധി എന്നാണ് അവസാനിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>'പമ്പ്ഡ് സ്റ്റോറേജ്' ജലവൈദ്യുത പദ്ധതികൾ</u>

329 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉത്പാദനത്തിന് പുതിയ ഏതെങ്കിലും മാർഗ്ഗങ്ങൾ അവലംബിക്കുവാൻ പദ്ധതിയുണ്ടോ; നിർദ്ദേശങ്ങളുണ്ടോ; വിശദമാക്കുമോ;

(ബി) മറ്റു രാജ്യങ്ങളിലുള്ളതുപോലെ 'പമ്പ്ഡ് സ്റ്റോറേജ്' ജലവൈദ്യുത പദ്ധതികൾ സ്ഥാപിക്കുന്നത് പരിഗണനയിലുണ്ടോ; ഇക്കാര്യത്തിൽ സാധ്യതാപഠനം നടത്തിയിട്ടുണ്ടോ;

(സി) ഒരിക്കൽ വിനിയോഗിച്ച ജലം സൗരോർജ്ജം ഉപയോഗിച്ച് തിരിച്ചു പമ്പ് ചെയ്ത് വൈദ്യുതി ഉല്പാദിപ്പിക്കുന്നത് ലാഭകരമായതിനാൽ പ്രസ്തുത രീതി അവലംബിക്കുന്നത് പരിഗണിക്കുമോ; വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**11.06.2013-ലെ മറുപടിക്ക്**

ചാലക്കുടി കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ്

330 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചാലക്കുടി കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ് വിഭജിച്ച് പോട്ടയിലും, കൊരട്ടി സെക്ഷൻ ഓഫീസ് വിഭജിച്ച് കാടുകുറ്റിയിലും പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

കട്ടാങ്ങലിൽ 33 കെ.വി. സബ് സ്റ്റേഷൻ

331 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് എൻ.ഐ.ടി ക്ക് സമീപം കട്ടാങ്ങലിൽ 470 ലക്ഷം രൂപ ചെലവിൽ ഒരു 33 കെ.വി. സബ് സ്റ്റേഷൻ നിർമ്മിക്കുവാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ബി) ഇതിനായുള്ള സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇതിനുള്ള തടസ്സമെന്താണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

തോട്ടപ്പള്ളിയിൽ കെ.എസ്.ഇ.ബി. സബ്സ്റ്റേഷൻ

332 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇരുപത്തി അയ്യായിരത്തിലേറെ ഉപഭോക്താക്കളുള്ള തോട്ടപ്പള്ളി മേഖലയിൽ കെ.എസ്.ഇ.ബി. യുടെ സേവനം വേണ്ടത്ര ലഭ്യമാകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തോട്ടപ്പള്ളിയിൽ കെ.എസ്.ഇ.ബി സബ് സ്റ്റേഷൻ സ്ഥാപിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>മങ്കട 66 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണം</u>

333 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മങ്കട 66 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സബ്സ്റ്റേഷൻ എന്ന് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

പുതുതായി രൂപീകരിച്ച കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾ

334 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കെ. എസ്.ഇ.ബി എത്ര സെക്ഷൻ ഓഫീസുകൾ പുതുതായി ആരംഭിച്ചിട്ടുണ്ടെന്നും, അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ ;

(ബി) മങ്കട മണ്ഡലത്തിലെ പുഴക്കാട്ടിരി ആസ്ഥാനമാക്കി പുതിയ ഒരു കെ.എസ്.ഇ.ബി സെക്ഷൻ ആരംഭിക്കണമെന്നാവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതിനായി സത്വര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>പാരമ്പര്യേതര വൈദ്യുതി ഉല്പാദനം</u>

335 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു യൂണിറ്റ് വൈദ്യുതിയുടെ ഉത്പാദന ചെലവ് എത്രയെന്ന് വെളിപ്പെടുത്താമോ ;

(ബി) ജലവൈദ്യുതിയുടെ ഉത്പാദന സാധ്യത മങ്ങുന്ന അവസ്ഥയിൽ സംസ്ഥാനം വൈദ്യുതി ഉത്പാദനത്തിന് മറ്റേതെങ്കിലും മാർഗം കണ്ടെത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതാണെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>പാരമ്പര്യേതര ഊർജ്ജ പദ്ധതി</u>

336 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാരമ്പര്യേതര ഊർജ്ജ പദ്ധതി വ്യാപകമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) സർക്കാർ സ്ഥാപനങ്ങളിൽ സോളാർ എനർജി പദ്ധതി ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ആദ്യഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓഫീസുകളെ സോളാർ പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>കാറ്റിൽ നിന്ന് വൈദ്യുതി</u>

337 ശ്രീ.എ. പി. അബ്ദുള്ളക്കുട്ടി
ശ്രീ.ഐ. സി. ബാലകൃഷ്ണൻ
ശ്രീ.പി. എ. മാധവൻ
ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാറ്റിൽനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാനുള്ള പദ്ധതി കേന്ദ്ര ഗവൺമെന്റ് തയ്യാറാക്കിയിട്ടുളളതായി അറിയാമോ; എങ്കിൽ ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് എവിടെയൊക്കെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

**കേരള നിയമസഭ**
**11.06.2013-ലെ മറുപടിക്ക്**

<u>സൗരഗൃഹ പദ്ധതി</u>

338 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൗരഗൃഹ പദ്ധതിയുടെ വിശദാംശം വിവരിക്കാമോ;

(ബി) ഈ പദ്ധതി നടപ്പാക്കാൻ എത്ര തുക കഴിഞ്ഞ വർഷം ചെലവാക്കിയെന്നും എന്തിനുവേണ്ടിയാണ് പ്രസ്തുത തുക ചെലവാക്കിതെന്നും വിശദമാക്കുമോ;

(സി) കഴിഞ്ഞ വർഷം എത്ര വീടുകളുടെ മേൽകൂരയിൽ സൗര വൈദ്യുത പ്ലാന്റുകൾ സ്ഥാപിച്ചുവെന്നും ഈ പ്ലാന്റുകളിൽ നിന്നും ആകെ എത്ര യൂണിറ്റ് വൈദ്യുതി ഉൽപ്പാദിച്ചുവെന്നും അതിൽ എത്ര യൂണിറ്റ് വൈദ്യുതി കെ.എസ്.ഇ.ബി. വിലയ്ക്ക് വാങ്ങിയെന്നും വ്യക്തമാക്കാമോ; ഇതിനായി കഴിഞ്ഞ വർഷം കെ.എസ്. ഇ.ബി എത്ര തുക ചെലവഴിച്ചവെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>കാറ്റില്‍ നിന്നും തിരമാലകളില്‍ നിന്നും വൈദ്യുതി-സാധ്യതാ പഠനം</u>

339 ശ്രീ.അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാറ്റില്‍ നിന്ന് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള സാധ്യതകള്‍ പരമാവധി വിനിയോഗിക്കുന്നതിനുള്ള ഏതെങ്കിലും പഠനങ്ങള്‍ സംസ്ഥാനത്ത് നടന്നിട്ടുണ്ടോ;

(ബി) ഉണ്ടെങ്കില്‍ വിശദാംശങ്ങള്‍ വ്യക്തമാക്കുമോ;

(സി) സ്വകാര്യ പങ്കാളിത്തത്തോടെ കാറ്റില്‍ നിന്നും, തിരമാലകളില്‍ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്ന പദ്ധതി സര്‍ക്കാരിന്റെ പരിഗണനയിലുണ്ടോ;

(ഡി) ഉണ്ടെങ്കില്‍, ഏതൊക്കെ കേന്ദ്രങ്ങളാണ് ഈ പദ്ധതികള്‍ക്കായി തെരഞ്ഞെടുത്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>പള്ളിവാസലിലെ സൗരോർജ്ജ വിളക്കുകൾ</u>

340 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പുനലൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട വനമേഖലയായ അച്ചൻ കോവിലിലെ ഒറ്റപ്പെട്ട ചെറുകോളനിയായ പള്ളിവാസലിൽ വീടുകളിലേക്കും തെരുവ് വിളക്കുകളിലേക്കുമുള്ള സൗരോർജ്ജ വിളക്കുകൾ രണ്ട് വർഷമായി പ്രവർത്തന രഹിതമാണെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ പുലി ഉൾപ്പെടെയുള്ള വന്യ ജീവികളുടെ ആക്രമണഭീഷണി നേരിടുന്ന പ്രസ്തുത മേഖലയിൽ അടിയന്തിരമായി സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>മണ്ഡലം ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് സർക്കാർ ഓഫീസുകൾക്ക് സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്ന പദ്ധതി</u>

341 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ മണ്ഡലം ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് സർക്കാർ ഓഫീസുകൾക്ക് സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്ന പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിൽ എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; ഏതൊക്കെ മണ്ഡലങ്ങളാണ് ഇപ്രകാരം ഫണ്ട് വിനിയോഗിക്കുന്നത്; വ്യക്തമാക്കുമോ;

(ബി) ചേർത്തല മണ്ഡലത്തിലെ സർക്കാർ ഓഫീസുകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് വൈദ്യുതീകരിക്കുന്നതിന് ആസ്തി വികസന ഫണ്ട് അനുവദിച്ച് നിർദ്ദേശങ്ങൾ നൽകി മാസങ്ങൾ കഴിഞ്ഞിട്ടും ഭരണാനുമതി വൈകുന്നത് എന്തുകൊണ്ടാണെന്നു വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>കൂടംകുളം ആണവ നിലയത്തിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കുന്ന വൈദ്യുതി വിഹിതം</u>

342 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൂടംകുളം ആണവ നിലയത്തിൽ നിന്നും സംസ്ഥാനത്തിന് കേന്ദ്രവിഹിതമായി വൈദ്യുതി അനുവദിച്ച് ഉത്തരവായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര യൂണിറ്റ് വൈദ്യുതി; എന്ന് മുതലാണ് അനുവദിച്ചിട്ടുള്ളത്; ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) കൂടംകുളത്ത് നിന്ന് വൈദ്യുതി കൊണ്ടു വരാനുള്ള പ്രസരണ ലൈൻ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) കൊച്ചി-ഇടമൺ കെ.വി. ലൈനിലൂടെ കൂടംകുളത്ത് നിന്നും വൈദ്യുതി കൊണ്ടുവരാൻ കഴിയുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഡി) കൊച്ചി-ഇടമൺ കെ.വി.ലൈനിന്റെ പണി എന്നാണ് തുടങ്ങിയത്; എന്നത്തേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്; എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് ഇപ്പോൾ വിലയിരുത്തുന്നത്;

(ഇ) കൊച്ചി-ഇടമൺ കെ.വി.ലൈൻ നിർമ്മാണം ഇപ്പോൾ എവിടെയാണ് മുടങ്ങിക്കിടക്കുന്നത്; എത്ര നാളായി മുടങ്ങിക്കിടക്കുന്നു; വ്യക്തമാക്കുമോ;

(എഫ്) നിർമ്മാണം പുനരാരംഭിക്കാൻ ഈ സർക്കാർ വന്നതിന് ശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**കേരള നിയമസഭ**
**11.06.2013-ലെ മറുപടിക്ക്**

<u>സൗരോർജ്ജ നയം</u>

343 ഡോ. എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്
'' എം. വി. ശ്രേയാംസ് കുമാർ
'' റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൗരോർജ്ജ നയം നടപ്പാക്കുന്ന കാര്യത്തിൽ തീരുമാനം വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ സൗരോർജ്ജ വൈദ്യുതി മേഖലയിൽ ആകെ സ്ഥാപിത ശേഷി എത്രയാണെന്നു കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) തെരെഞ്ഞെടുത്ത മേഖലകളിൽ സൗരോർജ്ജ വൈദ്യുതിയുടെ ഉത്പാദനവും ഉപഭോഗവും നിർബ്ബന്ധമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>കാറ്റിൽനിന്നും വൈദ്യുതി</u>

344 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള സാഹചര്യങ്ങൾ നിലവിലുണ്ടോ ; നിലവിൽ ഇപ്രകാരം ലഭിക്കുന്ന വൈദ്യുതി എത്രയാണെന്ന് വിശദമാക്കാമോ ; ഇതുസംബന്ധിച്ച് കൂടുതൽ പഠനങ്ങൾ നടത്തുന്നുണ്ടോ; വിശദമാക്കുമോ ;

(ബി) ജനവാസം കുറഞ്ഞതും കാറ്റിന്റെ ലഭ്യത കൂടിയതുമായ മേഖലകൾ വൈദ്യുത ഉത്പാദനാവശ്യത്തിനായി കണ്ടെത്തിയിട്ടുണ്ടോ ; കേരളത്തിലെ കടൽ തീരങ്ങളെ ഇതിനായി പരിഗണിക്കാത്തത് എന്തുകൊണ്ടാണെന്നും വിശദമാക്കാമോ ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>സൗരോർജ്ജ പദ്ധതി പ്രോത്സാഹിപ്പിക്കാൻ നടപടി</u>

345 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിലവിലുള്ള ഊർജ്ജ പ്രതിസന്ധിക്ക് പരിഹാരമായി സൗരോർജ്ജ പദ്ധതി പ്രോത്സാഹിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്ന വീട്ടുടമകൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നല്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) കേരളത്തിൽ സൗരോർജ്ജ പദ്ധതികൾ നടപ്പാക്കുന്നതിന് സർക്കാർ അംഗീകൃത ഏജൻസികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>ബൈതരണി കല്‍ക്കരിപ്പാടം</u>

346 ശ്രീ. എ. കെ. ബാലന്‍
,, എം. ഹംസ
,, രാജു എബ്രഹാം
,, ബി. സത്യന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഒഡീഷയിലെ ബൈതരണിയില്‍ കേരളത്തിന് അനുവദിച്ചിരുന്ന കല്‍ക്കരിപ്പാടം കേന്ദ്രസര്‍ക്കാര്‍ തിരിച്ചെടുത്തത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കല്‍ക്കരിപ്പാടം കേന്ദ്ര പരിസ്ഥിതി-വനം വകുപ്പുകളുടെ നോ ഗോ സോണില്‍പ്പെടുത്തിയത് ഖനന നടപടികള്‍ക്ക് എന്തെങ്കിലും പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ടോ;

(സി) ബൈതരണി കല്‍ക്കരിപ്പാടം നോ ഗോ സോണില്‍ നിന്നും മാറ്റിയത് എന്നാണെന്നറിയിക്കുമോ;

(ഡി) ഇതിനു ശേഷം ഖനനത്തിന് പരിസ്ഥിതി അനുമതിയ്ക്കായി അപേക്ഷ നല്‍കിയിരുന്നോ;

(ഇ) പ്രസ്തുത കല്‍ക്കരിപ്പാടം തിരിച്ചുകിട്ടാന്‍ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

ഗാഡ്ഗിൽ റിപ്പോർട്ട്

347 ശ്രീ.ഇ.പി.ജയരാജൻ
'' ബി. ഡി. ദേവസ്സി
'' പി. റ്റി. എ.റഹിം
'' കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ സംസ്ഥാനത്തെ ഏതെല്ലാം വൈദ്യുത പദ്ധതികളെ പ്രതികൂലമായി ബാധിക്കുമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത അവസ്ഥ മറികടക്കുവാൻ കസ്തൂരിരംഗൻ കമ്മിറ്റിയുടെ റിപ്പോർട്ടിൽ എന്തെല്ലാം മാറ്റങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>പന്ത്രണ്ടാം പദ്ധതിയിൽ ലക്ഷ്യമിടുന്ന ഊർജ്ജ പദ്ധതികൾ</u>

348 ശ്രീ. എ. കെ. ബാലൻ
,, രാജു എബ്രഹാം
,, ബി. ഡി. ദേവസ്സി
,, പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പന്ത്രണ്ടാം പദ്ധതിയിൽ എത്ര മെഗാവാട്ട് വൈദ്യുതിയാണ് ലക്ഷ്യമിടുന്നത്; ഇത് ഏതെല്ലാം പദ്ധതികളിലൂടെയാണ് കൈവരിക്കാനുദ്ദേശിക്കുന്നത്;

(ബി) പ്രസ്തുത പദ്ധതികളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ലക്ഷ്യം ഊർജ്ജാവശ്യകത നിറവേറ്റുന്നതിന് പര്യാപ്തമാണോ;

(ഡി) അല്ലെങ്കിൽ മറ്റ് എന്ത് മാർഗ്ഗത്തിലൂടെയാണ് ആവശ്യകത നിറവേറ്റാൻ ഉദ്ദേശിക്കുന്നത് ?

## കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>കെ.എസ്.ഇ.ബി.യിലെ നിയമനങ്ങൾ</u>

349 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യിൽ നിയമന നിരോധനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) മൂന്ന് വർഷത്തേക്ക് പുതിയ തസ്തികകളിൽ നിയമനം നടത്തേണ്ടതില്ലെന്നും 2012 ഡിസംബർ 31 വരെയുള്ള ഒഴിവിൽ മാത്രമേ നിയമനം നടത്തേണ്ടതുള്ളൂ എന്നും തീരുമാനിച്ചിട്ടുണ്ടോ;

(സി) ലൈൻമാൻ, മസ്ദൂർ തസ്തികകളിൽ എത്ര ഒഴിവുകളുണ്ടെന്നും അവയിൽ എത്ര എണ്ണം പി.എസ്.സി.യെ അറിയിച്ചിട്ടുണ്ടെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>സബ് - എഞ്ചിനീയർ പ്രൊമോഷൻ</u>

350

ശ്രീ. എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 10% ഇൻസർവ്വീസ് ക്വാട്ട പ്രകാരം താഴ്ന്ന ജീവനക്കാരിൽ നിന്നും സബ് എഞ്ചിനീയർ പ്രൊമോഷന് 1999-ൽ അപേക്ഷിച്ച ഇലക്ട്രിക്കൽ യോഗ്യതയുള്ള ജീവനക്കാർക്ക് സബ് എഞ്ചിനീയർ പ്രൊമോഷൻ നൽകാതിരിക്കുകയും സമാനമായി അപേക്ഷിച്ച സിവിൽ യോഗ്യതയുള്ളവർക്ക് പ്രൊമോഷൻ നൽകുകയും ചെയ്തതു സംബന്ധിച്ച അനോമലി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു പരിഹരിക്കാൻ എന്തു നടപടി സ്വീകരിക്കും എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>കുട്ടനാട്ടിലെ കെ.എസ്.ഇ.ബി. ഓഫീസുകളിലെ തസ്തികകളിൽ നിയമനം</u>

351 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലും സെക്ഷൻ ഓഫീസുകളിലുമായി ഏതെല്ലാം തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ നിയമനം നടത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത ഒഴിവുകളിൽ ഏതെല്ലാം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ?

**കേരള നിയമസഭ**
**11.06.2013-ലെ മറുപടിക്ക്**

<u>കെ.എസ്.ഇ.ബി യിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് പെൻഷൻ സംരക്ഷണം</u>

352 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി യിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ അവസാനമായി പരിഷ്കരിച്ചത് ഏതു കാലയളവിലാണ്;

(ബി) പെൻഷൻ പരിഷ്കരണ ആനുകൂല്യങ്ങൾ വിരമിച്ച ജീവനക്കാർക്ക് നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) കെ.എസ്.ഇ.ബി യിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് പെൻഷൻ സംരക്ഷണം ഉറപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>ലൈൻ അറ്റകുറ്റപ്പണിക്കിടെ ഷോക്കേറ്റ് മരണപ്പെട്ടവരുടെ വിവരം</u>

353 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഭീമനടി സെക്ഷൻ പരിധിയിൽ കഴിഞ്ഞ രണ്ട് വർഷത്തിനകം ലൈൻ അറ്റകുറ്റപ്പണിക്കിടെ എത്രപേർ ഷോക്കേറ്റ് മരണപ്പെട്ടിട്ടുണ്ട്; വ്യക്തമാക്കുമോ ;

(ബി) ഇക്കാര്യത്തിൽ ബോർഡ് അന്വേഷണം നടത്തി മരണത്തിന് ഇടയാക്കിയ സാഹചര്യം കണ്ടെത്തി നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) മരണപ്പെട്ടവരുടെ ആശ്രിതർക്ക് ജോലി നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ?

## കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

സംസ്ഥാനത്തിന് പുറത്തുനിന്നും വാങ്ങുന്ന വൈദ്യുതിയുടെ വിശദാംശങ്ങൾ

354 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി പ്രതിസന്ധി നിലവിലുള്ള 2013-14 വർഷത്തിൽ പുറമെ നിന്നും വൈദ്യുതി വാങ്ങുന്നതിനായി ഉണ്ടാക്കിയ ദീർഘകാല/ഹ്രസ്വകാല കരാറുകൾ ഏതെല്ലാം; വിശദമാക്കുമോ;

(ബി) ഇവയിൽ മുൻ നിരക്കുകളേക്കാൾ കൂടിയ നിരക്കിൽ വൈദ്യുതി ഏതെല്ലാം കരാർ വഴി വാങ്ങി; വിശദമാക്കുമോ;

(സി) പുറമെ നിന്നും വാങ്ങുന്ന വൈദ്യുതി സംസ്ഥാനത്തെത്തിക്കാൻ നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളത്;

(ഡി) ഇതിനായി പവർ ലൈനുകൾ മുൻകൂട്ടി ബുക്ക് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) കരാറുകളിലൂടെയല്ലാതെ 'പവർ എക്സ്ചേഞ്ച്' വഴി വൈദ്യുതി വാങ്ങിയിട്ടുണ്ടോ; എങ്കിൽ ഇത് എന്ത് നിരക്ക് പ്രകാരമാണ് വാങ്ങിയത്; വിശദാംശം വ്യക്തമാക്കുമോ;

(എഫ്) കരാർ പ്രകാരം വൈദ്യുതി വാങ്ങുന്നതാണോ പവർ എക്സ്ചേഞ്ച് വഴി വാങ്ങുന്നതാണോ സംസ്ഥാനത്തിന് ഗുണകരമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ജി) ഗുണകരമല്ലാത്ത പദ്ധതികളിലൂടെ കൂടിയ നിരക്കിൽ വൈദ്യുതി വാങ്ങിയിട്ടുണ്ട് എങ്കിൽ ഇതിന്റെ ഉത്തരവാദികൾ ആരെല്ലാം; ഇത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>വൈദ്യുതി വകുപ്പ് പുറമേ നിന്നും വാങ്ങുന്ന വൈദ്യുതി</u>

355 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡ് ഉൽപാദിപ്പിക്കുന്ന വൈദ്യുതിയ്ക്ക് പുറമേ എവിടെ നിന്നൊക്കെയാണ് വൈദ്യുതി വാങ്ങുന്നത് എന്നും യൂണിറ്റിന് എത്ര രൂപയാണ് നൽകുന്നതെന്നും വ്യക്തമാക്കുമോ ;

(ബി) പുറമേ നിന്ന് വൈദ്യുതി വാങ്ങുന്നതിനുള്ള നടപടി ക്രമം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

വൈദ്യുതി ഉപഭോഗം കുറച്ച് പവര്‍കട്ട് ഒഴിവാക്കുന്ന പദ്ധതി

356 ശ്രീ. പി. തിലോത്തമന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നിലവിലുള്ള ഉപഭോഗം കുറച്ച് പവര്‍കട്ട് ഒഴിവാക്കാനുള്ള പദ്ധതി വിശദമാക്കാമോ ; ഇപ്രകാരം ഉപഭോഗം കുറച്ച എത്ര ഫീഡറുകളിലും മേഖലകളിലും പവര്‍കട്ട് ഒഴിവാക്കി നല്‍കിയെന്ന് വ്യക്തമാക്കാമോ ; ഈ പദ്ധതി തുടരുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) സര്‍ക്കാര്‍ ഓഫീസുകളിലെ വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിന് എന്തെങ്കിലും പദ്ധതികള്‍ നിലവിലുണ്ടോ ; പരമാവധി വൈദ്യുതി ഉപഭോഗം കുറയ്ക്കാന്‍ ശ്രദ്ധിക്കുന്ന ഉദ്യോഗസ്ഥര്‍ക്ക് പ്രോത്സാഹനം നല്‍കാന്‍ നടപടിയുണ്ടോ ?

## കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

ഊർജ്ജ പ്രതിസന്ധി പരിഹരിക്കുവാനുള്ള നടപടികൾ

357 ശ്രീ. സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള
,, തോമസ് ഉണ്ണിയാടൻ
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ പ്രതിസന്ധി പരിഹരിക്കുവാൻ ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) സോളാർ വൈദ്യുതി ഉൾപ്പെടെയുള്ള മേഖലകൾ ഉപയോഗപ്പെടുത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>വൈദ്യുതി ക്ഷാമം നേരിടാൻ നടപടി</u>

358 ശ്രീമതി കെ. എസ് സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗം എത്ര യൂണിറ്റായിരുന്നു; ആയത് ഇപ്പോൾ എത്ര; വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാർ എത്ര യൂണിറ്റ് വൈദ്യുതി അധികമായി ഉല്പാദിച്ചിട്ടുണ്ടായിരുന്നു;

(സി) ഈ സർക്കാർ ഇതുവരെ എത്ര യൂണിറ്റ് വൈദ്യുതി അധികമായി ഉല്പാദിച്ചിച്ചു; വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ശാശരി എത്ര യൂണിറ്റ് വൈദ്യുതിയാണ് 2010 ൽ കേന്ദ്ര സർക്കാർ നൽകിയത്; ആയത് ഇപ്പോൾ എത്ര; വിശദമാക്കുമോ;

(ഇ) വൈദ്യുതി ക്ഷാമം നേരിടുന്നതിനായി കായംകുളം താപനിലയത്തിൽ നിന്നും വൈദ്യുതി വാങ്ങിയിട്ടുണ്ടോ; എത്ര രൂപയാണ് ഒരു യൂണിറ്റ് വൈദ്യുതിക്ക് ചെലവായത്; യൂണിറ്റിന് കൂടിയ നിരക്കിലാണോ വൈദ്യുതി ബോർഡ് നൽകിയത്; ഇതിലൂടെ എത്ര തുകയുടെ സാമ്പത്തിക നഷ്ടം വൈദ്യുതി ബോർഡിന് ഉണ്ടായി; വിശദമാക്കുമോ;

(എഫ്) 2013 മെയ് മാസം പ്രതിദിനം ജലവൈദ്യുത പദ്ധതികളിൽ നിന്നും ശരാശരി എത്ര യൂണിറ്റ് വൈദ്യുതിയാണ് ഉല്പാദിപ്പിച്ചത്; വിശദമാക്കുമോ;

(ജി) കിഴക്കൻ മേഖലയിൽ വൈദ്യുതി ക്ഷാമം നേരിട്ടതിന്റെ ഭാഗമായി എൻ. ടി. പി. സി. നിലയങ്ങളിൽ നിന്നും അധിക വൈദ്യുതി ആവശ്യപ്പെട്ടിട്ടുണ്ടോ; ആയത് ലഭിച്ചുവോ; വിശദമാക്കുമോ;

(എച്ച്) 2013-14 സാമ്പത്തിക വർഷം സൗരോർജ്ജ വൈദ്യുതി പദ്ധതികളിൽ നിന്ന് എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുമെന്നാണ് കണക്കാക്കുന്നത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>വൈദ്യുതി വിതരണത്തിലെ പ്രസരണനഷ്ടം ഒഴിവാക്കുവാൻ നടപടി</u>

359 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണത്തിലെ പ്രസരണനഷ്ടം ഒഴിവാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(ബി) വൈദ്യുതി വിതരണരംഗത്ത് ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുകവഴി വൈദ്യുതിയുടെ പ്രസരണനഷ്ടം എത്രമാത്രം കുറയ്ക്കുവാനായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2013–ലെ മറുപടിക്ക്

ഊര്‍ജ്ജ മേഖലയില്‍ എം.എല്‍.എ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന പദ്ധതികള്‍

360 ശ്രീ. കെ. ദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ഊര്‍ജ്ജമേഖലയില്‍ എം.എല്‍.എ പ്രാദേശിക വികസന ഫണ്ടുപയോഗിച്ച് നടപ്പാക്കുന്ന എന്തെങ്കിലും പദ്ധതികള്‍ നടപ്പിലാക്കിവരുന്നുണ്ടോ; എങ്കില്‍ പദ്ധതികള്‍ ഏതെല്ലാം; ഏതെല്ലാം നിയോജകമണ്ഡലങ്ങളിലാണ് നടപ്പിലാക്കുന്നത്;

(ബി) ഓരോ മണ്ഡലത്തിലും നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം മണ്ഡലം തിരിച്ച് പ്രത്യേകമായി എത്ര തുക, പ്രവൃത്തികളുടെ പുരോഗതി, നിര്‍വ്വഹണ ഉദ്യോഗസ്ഥര്‍ മുതലായവ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>ആർ. ജി. ജി. വി.വൈ പദ്ധതി പ്രകാരം ആറ്റിങ്ങൽ</u>
<u>നിയോജകമണ്ഡലത്തിൽ വൈദ്യുത കണക്ഷൻ</u>

361 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ. ജി. ജി. വി.വൈ പദ്ധതി പ്രകാരം ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ എത്ര പേർക്ക് വൈദ്യുത കണക്ഷൻ നൽകാനുണ്ട്;

(ബി) കണക്ഷൻ ലഭിക്കാനുള്ള അപേക്ഷകരുടെ പേരും വിലാസവും സെക്ഷൻ ഓഫീസ് തിരിച്ച് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം അപേക്ഷിച്ചവർക്ക് അടിയന്തിരമായി വൈദ്യുതി കണക്ഷൻ നൽകാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**11.06.2013-ലെ മറുപടിക്ക്**

<u>കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ വൈദ്യുതീകരണം</u>

362 ശ്രീ. കെ.ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ വൈദ്യുതി ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളെ സംബന്ധിച്ച് വൈദ്യുതിവകുപ്പ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇത്തരം പ്രദേശങ്ങൾ ഏതെല്ലാമാണ്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത നിയോജോകമണ്ഡലത്തിൽ പുതുതായി എവിടെയെല്ലാം ട്രാൻസ്ഫോർമർ സ്ഥാപിച്ചിട്ടുണ്ടെന്നത് വ്യക്തമാക്കുമോ;

(സി) രാജീവ്ഗാന്ധി ഗ്രാമീൺ വൈദ്യുതീകിരൺ യോജനയുടെ വിവിധ സ്കീമുകൾ പ്രകാരം പ്രസ്തുത മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ എന്തെല്ലാം എന്നത് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത മണ്ഡലത്തിൽ തീരപ്രദേശങ്ങളിലെ വൈദ്യുതീകരണം നടന്നിട്ടില്ലാത്ത എത്ര വീടുകൾ ഉണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത മണ്ഡലത്തിൽ വിവിധ പട്ടികജാതി കോളനികളിലായി വൈദ്യുതീകരണം നടന്നിട്ടില്ലാത്ത എത്ര വീടുകളുണ്ട്; പഞ്ചായത്ത് തിരിച്ച് പട്ടികജാതി കോളനി തിരിച്ച് വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത മണ്ഡലത്തിലെ വിവിധ ഇലക്ട്രിക്കൽ സെക്ഷനുകളിലെ കൺസ്യൂമർ സ്ട്രെംങ്ത്ത് എത്ര എന്നത് സെക്ഷൻ തിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>അട്ടപ്പാടി ആദിവാസി മേഖലയിലെ സൗജന്യ വൈദ്യുതി കണക്ഷൻ</u>

363 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി മേഖലയിൽ കെ.എസ്.ഇ.ബി. യുടെ എത്ര സെക്ഷൻ ഓഫീസുകളാണ് നിലവിലുള്ളതെന്നും എവിടെയെല്ലാമെന്നും വിശദമാക്കുമോ ;

(ബി) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അട്ടപ്പാടിയിലെ ആദിവാസി മേഖലകളിൽ സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ഊരുകളിൽ എത്ര വീടുകൾക്ക് സൗജന്യ കണക്ഷൻ നൽകിയിട്ടുണ്ട്; വിശദമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അട്ടപ്പാടിയിലെ ആദിവാസി മേഖലകളിൽ സൗജന്യ വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ഊരുകളിലെ എത്ര വീടുകൾക്ക് സൗജന്യ കണക്ഷൻ നൽകിയിട്ടുണ്ട് ;

(ഡി) ആദിവാസി ഊരുകളിൽ നൽകിയിട്ടുള്ള സൗജന്യ വൈദ്യുതി കണക്ഷന്റെ ചെലവും വൈദ്യുതി ചാർജ്ജും പട്ടികവർഗ്ഗ ക്ഷേമ വകുപ്പു വഹിക്കണമെന്ന ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ വകുപ്പ് അപ്രകാരം ചെയ്തിട്ടുണ്ടോ;

(ഇ) അട്ടപ്പാടിയിലെ ആദിവാസി മേഖലകളിൽ സൗജന്യ വൈദ്യുതി കണക്ഷനുള്ള എത്ര അപേക്ഷകൾ നിലവിലുണ്ട്; ഇവർക്ക് കണക്ഷൻ നൽകാത്തത് എന്ത് കൊണ്ടാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

ഇലക്ട്രിസിറ്റി ബോർഡിന്റെ ഉപഭോക്താക്കളുടെ വിശദവിവരം

364 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡിന്റെ സംസ്ഥാനത്തെ മൊത്തം ഉപഭോക്താക്കൾ എത്രയാണെന്ന് വെളിപ്പെടുത്താമോ; അതിൽ ഗാർഹിക ഉപഭോക്താക്കൾ എത്ര; വാണിജ്യ ഉപഭോക്താക്കൾ എത്ര; കാർഷിക ഉപഭോക്താക്കൾ, വ്യവസായ ഉപഭോക്താക്കൾ എക്സ്ട്രാ ഹൈ ടെൻഷൻ ഉപഭോക്താക്കൾ എത്ര വീതമെന്ന് അറിയിക്കുമോ;

(ബി) 2013 മെയ് 31 വരെ സമർപ്പിച്ച് വൈദ്യുതി കണക്ഷന് അപേക്ഷിച്ചവർ എത്ര; ഇതിൽ ഗാർഹിക, വാണിജ്യ, കാർഷിക, വ്യവസായ ആവശ്യങ്ങൾക്കുള്ള അപേക്ഷകർ എത്ര; ഇവ ഓരോന്നും മൊത്തം അപേക്ഷകരുടെ എത്ര ശതമാനം വരും; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>വൈദ്യുതി ചാർജ്ജ് വർദ്ധന</u>

365

ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 ജൂലൈ മാസത്തിൽ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചതിനെ തുടർന്ന് 120 യൂണിറ്റ് വരെ ഉപയോഗിക്കുന്നവർക്ക് സബ്സിഡി നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപ യാണ് ഈയിനത്തിൽ ബോർഡിന് സർക്കാർ നൽകേണ്ടിയിരുന്നത്; ഈ തുക എങ്ങനെ നൽകുമെന്നാണ് സർക്കാർ തീരുമാനിച്ചിട്ടുളളത്; വ്യക്തമാക്കുമോ;

(ബി) ഈ സബ്സിഡി പൂർണ്ണമായോ ഭാഗികമായോ ബോർഡിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) നടപ്പ് സാമ്പത്തിക വർഷത്തിൽ എത്ര രൂപയുടെ കമ്മിയാണ് ബോർഡ് റഗുലേറ്ററി കമ്മിഷന് സമർപ്പിച്ചത്; ഇതിന്റെ ഇനം തിരിച്ചുളള വിശദാംശങ്ങൾ നൽകുമോ; ഇതിൽ 2012 ജൂലൈ മാസത്തിലെ ചാർജ്ജ് വർദ്ധനവിനെ തുടർന്ന് സർക്കാർ പ്രഖ്യാപിച്ചതും ബോർഡിന് ലഭിക്കാതിരുന്നതുമായ സബ്സിഡിയും ഉൾപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

ലാഭപ്രഭ പദ്ധതി

366 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനായി ആരംഭിച്ച "ലാഭ പ്രഭ"യിൽ എത്രപേർ അംഗങ്ങളായി ; ഇതിൽ എത്രപേർക്ക് സമ്മാനം നൽകി;

(ബി) ഇതിലൂടെ ഓരോ മാസവും എത്ര വൈദ്യുതി ഉപഭോഗം കുറയ്ക്കാൻ കഴിഞ്ഞു ;

(സി) പദ്ധതിയിൽ പങ്കാളിയായ മൊബൈൽ കമ്പനികൾ ഒരു എസ്.എം.എസ്.ന് ഗുണഭോക്താവിൽ നിന്ന് എന്ത് തുകയാണ് ഈടാക്കിയിരുന്നത്; കെ.എസ്.ഇ.ബി മൊബൈൽ കമ്പനിക്ക് എസ്.എം.എസ് അയയ്ക്കുന്നതിന് തുക എന്തെങ്കിലും കൊടുക്കേണ്ടി വന്നിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വിശദമാക്കാമോ;

(ഡി) 2012, 2013 എന്നീ വർഷങ്ങളിൽ ഏപ്രിൽ, മേയ് മാസങ്ങളിലെ വൈദ്യുതി ഉപഭോഗം സംസ്ഥാനത്ത് ആകെ എത്രയായിരുന്നു;

(ഇ) ലാഭപ്രഭ പദ്ധതിയുടെ പരസ്യത്തിനായി എന്തു തുക ചെലവായിയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

വൈദ്യുതി ചാർജ് വർദ്ധനവ്

367 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇലക്ട്രിസിറ്റി ബോർഡ് എത്ര തവണ വൈദ്യുതി ചാർജ് വർദ്ധിപ്പിക്കുകയുണ്ടായി ;

(ബി) ഓരോ തവണയും ശരാശരി എത്ര ശതമാനം ചാർജ് വർദ്ധനവ് ഏർപ്പെടുത്തുകയുണ്ടായി ;

(സി) ഓരോ തവണയും ചാർജ് വർദ്ധനയിലൂടെ അധികമായി ശേഖരിക്കാൻ ഉദ്ദേശിച്ച വരുമാനം എത്രയായിരുന്നു ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വരുന്ന ദിവസം വൈദ്യുതി ബോർഡിന്റെ വൈദ്യുതി നിരക്ക് ഓരോ സ്ലാബിലും എത്ര വീതമായിരുന്നു ; ഇപ്പോഴത്തെ നിരക്ക് എത്രയാണ് ; ഓരോ സ്ലാബിലും ഇപ്പോൾ പഴയതിന്റെ എത്ര ശതമാനം വർദ്ധനയുണ്ടായി ;

(ഇ) റഗുലേറ്ററി കമ്മീഷൻ മുമ്പാകെ ഏറ്റവും ഒടുവിൽ ബോർഡ് സമർപ്പിച്ച നിവേദനത്തിൽ ചാർജ് വർദ്ധനവ് എത്ര ശതമാനം ആവശ്യപ്പെട്ടിട്ടുണ്ട് ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

വൈദ്യുതി നിരക്ക് വർദ്ധനവ്

368 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഗാർഹികവും അല്ലാത്തതുമായ വൈദ്യുതി നിരക്കുകൾ എത്രയായിരുന്നുവെന്നും, ഇപ്പോഴത്തെ താരിഫ് എത്രയെന്നും വെളിപ്പെടുത്താമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ വൈദ്യുതി ചാർജ്ജിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടെന്നും ഓരോ തവണയും എത്രവീതമെന്നും വ്യക്തമാക്കുമോ;

(സി) വൈദ്യുതി നിരക്കിൽ വർദ്ധനവ് വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

വൈദ്യുതി ചാർജ്ജ് വർദ്ധനയ്ക്ക് മാനദണ്ഡങ്ങൾ

369 ശ്രീ.എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര തവണയാണ് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത ചാർജ് വർദ്ധനവിലൂടെ എത്ര തുകയാണ് ഇതു വരെ ബോർഡിന് അധികമായി ലഭിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) ഇനി എല്ലാ വർഷവും ഏപ്രിൽ 1 മുതൽ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ചാർജ്ജ് വർദ്ധനയ്ക്ക് എന്തെങ്കിലും മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

വൈദ്യുതി ചാർജ് വർദ്ധനവ്

370 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇപ്രകാരം വൈദ്യുതിചാർജ് വർദ്ധിപ്പിക്കുവാനുണ്ടായ സാഹചര്യങ്ങൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

ചാര്‍ജ്ജ് വര്‍ധനവ്

371 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം എത്ര പ്രാവശ്യമാണ് ഗാര്‍ഹിക വൈദ്യുതി ചാര്‍ജ്ജ് വര്‍ദ്ധിപ്പിച്ചത്;

(ബി) എത്ര രൂപ വീതമാണ് ഓരോ യൂണിറ്റിനും ഓരോ പ്രാവശ്യം വര്‍ദ്ധിപ്പിച്ചതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>വൈദ്യുതി ചാർജ്ജ് വർദ്ധനവ്</u>

372 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം ഇതുവരെ എത്ര തവണ വൈദ്യൂതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട്;

(ബി) ആയതിന്റെ എല്ലാ വിശദാംശങ്ങളും, വർദ്ധിപ്പിച്ച തുക, പ്രാബല്യത്തിൽ വന്ന തീയതി എന്നിവ ഉൾപ്പെടെ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>വൈദ്യുതി ചാർജ്ജ് കുടിശ്ശിക</u>

373 ശ്രീ.കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പിരിച്ചെടുക്കാനുള്ള വൈദ്യുതി കുടിശ്ശികയുടെ വിശദ വിവരം പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ ഓഫീസുകൾ, സ്വകാര്യ വ്യക്തികൾ എന്ന ക്രമത്തിൽ നൽകുമോ;

(ബി) പ്രസ്തുത തുക പിരിച്ചെടുക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദ വിവരം നൽകുമോ;

(സി) എത്ര തുകയുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഇളവ് ചെയ്ത് നൽകി എന്നും ആർക്കെല്ലാമാണ് ഇളവ് നൽകിയതെന്നുമുള്ള വിവരങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>അട്ടപ്പാടി ആദിവാസി ഊര് നിവാസികളുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക</u>

374 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ചാർജ്ജ് അടയ്ക്കാത്തതിന്റെ പേരിൽ അട്ടപ്പാടിയിലെ എത്ര ആദിവാസി ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ വിഛേദിച്ചിട്ടുണ്ട്; സെക്ഷനും, പഞ്ചായത്തും ഊരും തിരിച്ചുള്ള വിശദമായ കണക്ക് ലഭ്യമാക്കുമോ;

(ബി) അട്ടപ്പാടി മേഖലയിലെ ആദിവാസി ഊരുകളിൽ നിന്നും വൈദ്യുതി മീറ്ററുകൾ എടുത്ത് മാറ്റിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര മീറ്ററുകൾ എടുത്തുമാറ്റിയിട്ടുണ്ട്; സെക്ഷനും, പഞ്ചായത്തും, ഊരും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) വൈദ്യുതി ബിൽ കുടിശ്ശികയുടെ പേരിൽ എത്ര ആദിവാസി ഉപഭോക്താക്കളുടെ വീടുകളിൽ ജപ്തി നോട്ടീസ് പതിച്ചിട്ടുണ്ട്; സെക്ഷനും പഞ്ചായത്തും, ഊരും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) അട്ടപ്പാടി മേഖലയിലെ ആദിവാസി ഊരുകളിൽ വൈദ്യുതി നൽകിയ വകയിൽ പട്ടികവർഗ്ഗക്ഷേമ വകുപ്പ് വൈദ്യുതി ബോർഡിന് ഇതുവരെ എത്ര തുക നൽകാനുണ്ട്; എന്നു മുതലുള്ള തുകയാണിത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>പൊതുമേഖലാ സ്ഥാപനങ്ങളുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക</u>

375 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാന വൈദ്യുതി ബോർഡിനു പൊതുമേഖല സംരംഭങ്ങളിൽ നിന്നും വൈദ്യുതി ചാർജ്ജിനത്തിൽ എത്ര തുക പിരിഞ്ഞുകിട്ടാനുണ്ടെന്ന് വ്യക്തമാക്കാമോ; കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>അപ്രഖ്യാപിത ലോഡ് ഷെഡിംഗ് നിയന്ത്രിക്കുവാൻ നടപടി</u>

376 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ പവർകട്ടും ലോഡ്ഷെഡിംഗും നിലവിലുണ്ടോ; എത്ര മണിക്കൂറാണ് ഒരു ദിവസം പ്രഖ്യാപിത ലോഡ് ഷെഡിംഗ് നടത്തുന്നത്;

(ബി) ഇതിനുപുറമെ അപ്രഖ്യാപിത ലോഡ്ഷെഡിംഗ് നടക്കുന്നുണ്ടെന്ന വസ്തുത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) അപ്രഖ്യാപിത ലോഡ് ഷെഡിംഗ് വീടുകളെയും വ്യാപാര സ്ഥാപനങ്ങളെയും ചെറുകിട വ്യവസായങ്ങളെയും പ്രതിസന്ധിയിലാക്കിയിട്ടുണ്ടെന്നുള്ള കാര്യം പരിശോധിക്കുമോ;

(ഡി) ഇതു നിയന്ത്രിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>പവർക്കട്ടും ലോഡ് ഷെഡ്ഡിംഗും പിൻവലിക്കാൻ നടപടി</u>

377

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുന്നറിയിപ്പില്ലാതെ മണിക്കൂറുകളോളം വൈദ്യുതി മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ സർക്കാർ നിർദ്ദേശത്തോടെ എത്ര മണിക്കൂറാണ് ലോഡ് ഷെഡ്ഡിംഗും പവർകട്ടും നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ;

(സി) പവർക്കട്ടും, ലോഡ് ഷെഡ്ഡിംഗും എന്ന് പൂർണ്ണമായും പിൻവലിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഡി) ലോഡ് ഷെഡ്ഡിംഗും, പവർക്കട്ടും വഴി കെ. എസ്. ഇ. ബി യ്ക്ക് എത്ര യൂണിറ്റ് വൈദ്യുതി ലാഭിക്കാൻ കഴിഞ്ഞെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

വൈദ്യുതി ഉത്പാദനവും ഉപഭോഗവും

378 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 മേയ് 1 ന് കേരളത്തിലെ വിവിധ വൈദ്യുതി പദ്ധതികളിൽ നിന്നുള്ള ആകെ വൈദ്യുതി ഉത്പാദനം എത്രയായിരുന്നു ;

(ബി) കേന്ദ്ര വിഹിതം അടക്കം അന്യസംസ്ഥാനങ്ങളിൽ നിന്നും പ്രസ്തുത കാലയളവിൽ എത്ര യൂണിറ്റ് വൈദ്യുതി കേരളത്തിനു ലഭിച്ചിരുന്നു ;

(സി) പ്രസ്തുത കാലയളവിലെ പ്രതിദിന വൈദ്യുതി ഉപഭോഗം എത്രയായിരുന്നു ;

(ഡി) പ്രസ്തുത കാലയളവിലെ ഗാർഹികാവശ്യത്തിനുള്ള വൈദ്യുതി നിരക്കിന്റെ ഘടന എന്തായിരുന്നുവെന്നും ഇതര വിഭാഗങ്ങൾക്കുള്ള വൈദ്യുതി നിരക്കിന്റെ ഘടന എന്തായിരുന്നുവെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

ലോഡ് ഷെഡിംഗ് ഏര്‍പ്പെടുത്തിയതുമുതല്‍
മന്ത്രിമന്ദിരങ്ങളിലെ വൈദ്യുതി ഉപയോഗം

379 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ലോഡ് ഷെഡ്ഡിംഗ് ഏര്‍പ്പെടുത്തിയത് മുതല്‍ 2013 മേയ് 31 വരെ മുഖ്യമന്ത്രി, മന്ത്രിമാര്‍, ചീഫ് വിപ്പ് എന്നിവരുടെ ഔദ്യോഗിക വസതികളില്‍ ഓരോ മാസവും ഉപയോഗിച്ച വൈദ്യുതിയും ഇതിനായി വൈദ്യതി ചാര്‍ജ്ജ് ഇനത്തില്‍ അടച്ച തുകയും സംബന്ധിച്ച് വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവില്‍ ഇവരുടെ ഔദ്യോഗിക വസതികളില്‍ ജനറേറ്റര്‍ പ്രവര്‍ത്തിക്കുന്നതിനുള്ള ഇന്ധന ച്ചെലവിന് എത്ര തുകയായി എന്ന് വ്യക്തമാക്കുമോ;

(സി) മേല്‍കാലയളവില്‍ വൈദ്യുതി ബോര്‍ഡ് ചെയര്‍മാന്‍, ബോര്‍ഡ് മെമ്പര്‍മാര്‍ ഇവരുടെ വസതികളിലെ വൈദ്യുതി ഉപഭോഗവും വൈദ്യുതി ചാര്‍ജ്ജ് ഇനത്തില്‍ അടച്ച തുകയും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

സംസ്ഥാനത്തിന്റെ വൈദ്യുതി ഉൽപാദനം

380 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം സ്രോതസ്സുകളിൽ നിന്നുമാണ് വൈദ്യുതി ഉൽപാദിപ്പിച്ചുവരുന്നത്; ഓരോ സ്രോതസ്സിൽനിന്നും പ്രതിദിനം എത്ര യൂണിറ്റ് വൈദ്യുതിയാണ് ഉൽപാദിപ്പിച്ചുവരുന്നത്;

(ബി) സംസ്ഥാനത്തിനാവശ്യമായ വൈദ്യുതിയുടെ എത്ര ശതമാനം ഇപ്പോൾ ഉൽപാദിപ്പിക്കുന്നുണ്ട്;

(സി) വൈദ്യുതിക്കുറവ് പരിഹരിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് സർക്കാർ നടപ്പിലാക്കിവരുന്നത്;

(ഡി) നിലവിൽ സംസ്ഥാനത്ത് എത്ര മണിക്കൂർ പവർകട്ട് ഏർപ്പെടുത്തിയിട്ടുണ്ട്; അതിലൂടെ പ്രതീക്ഷിച്ച വൈദ്യുതി മിച്ചമുണ്ടാക്കാൻ കഴിയുന്നുണ്ടോ;

(ഇ) സംസ്ഥാനത്ത് പവർകട്ട് അവസാനിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു; വിശദാംശം ലഭ്യമാക്കാമോ; എന്ന് പവർകട്ട് നിർത്തലാക്കുവാൻ കഴിയും എന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

വൈദ്യുതി തടസ്സം പരിഹരിക്കാൻ നടപടി

381

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ, പടന്ന, പിലിക്കോട്, വലിയപറമ്പ്, ചീമേനി ഭാഗങ്ങളിൽ ഇടയ്ക്കിടെയുണ്ടാകുന്ന വൈദ്യുതി തടസ്സം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>കെ.എസ്.ഇ.ബി നൽകുന്ന ഗാർഹിക കണക്ഷനുകളുടെ വിവരം</u>

382 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ സാമ്പത്തികവർഷം എത്ര ഗാർഹിക കണക്ഷനാണ് കെ.എസ്.ഇ.ബി നൽകിയത്;

(ബി) ഇനി കണക്ഷൻ കൊടുക്കുവാൻ എത്ര അപേക്ഷകൾ നിലവിലുണ്ട്;

(സി) വൈദ്യുതി മീറ്റർ വാങ്ങുന്നതിന് മറ്റ് സംസ്ഥാന സർക്കാരുകളെ പോലെ കെ.എസ്.ഇ.ബിയും ഉപഭോക്താക്കൾക്ക് സ്വാതന്ത്ര്യം നൽകുമോ;

(ഡി) മീറ്ററും കണക്ഷൻ വയറും ഇല്ലാത്തതിന്റെ പേരിൽ കണക്ഷൻ ലഭ്യമല്ലാത്ത അവസ്ഥ നിലവിലുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) കെ.എസ്.ഇ.ബി യ്ക്ക് മീറ്ററുകൾ റിപ്പയർ ചെയ്യുന്നതിന് പ്രത്യേക യൂണിറ്റ് ഉണ്ടോ; കേടായ മീറ്ററുകൾ ഉപഭോക്താക്കളെക്കൊണ്ടുതന്നെ മാറ്റി വാങ്ങുന്നതിന് കെ.എസ്.ഇ.ബി തത്വത്തിൽ ആലോചിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 11.06.2013-ലെ മറുപടിക്ക്

<u>നഗരസഭകളിൽ/കോർപ്പറേഷനുകളിൽ അണ്ടർ ഗ്രൗണ്ട് കേബിളുകൾ</u>

383 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെങ്കിലും നഗരസഭയിലോ കോർപ്പറേഷനിലോ അണ്ടർ ഗ്രൗണ്ട് കേബിളുകൾ സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ അത് എവിടെയെല്ലാമാണ്;

(ബി) പ്രസ്തുത കേബിളുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പ്രസ്തുത നഗരസഭകളിൽ/കോർപ്പറേഷനുകളിൽ നടത്തിയിട്ടുള്ള സയന്റിഫിക് സ്റ്റഡി, ഫീസിബിലിറ്റി സ്റ്റഡി റിപ്പോർട്ടുകൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ; അവയുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(സി) വൈദ്യുതി പ്രസരണം, അണ്ടർ ഗ്രൗണ്ട് കേബിൾ ട്രാൻസ്മിഷൻ മുതലായ മേഖലകളിൽ സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) ഈ മേഖലയിൽ സാങ്കേതിക ഉപദേശം/പഠനം നടത്തുന്ന സർക്കാർ/സർക്കാരേതര ഏജൻസികൾ ഏതെല്ലാം; എവിടെയെല്ലാമാണ്;

(ഇ) കൊയിലാണ്ടി നഗരസഭയിൽ ഫീഡർ സ്ഥാപിക്കുന്നത് സംബന്ധിച്ച് കെ.എസ്.ഇ.ബി കൊയിലാണ്ടി ഇലക്ട്രിക്കൽ സെക്ഷനിൽ നടക്കുന്ന നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

വൈദ്യുതി ബോർഡിന്റെ സ്ഥലകൈമാറ്റം

384 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിൽ വൈദ്യുതി ബോർഡിന്റെ കൈവശമുള്ള 14.5 ഏക്കർ വരുന്ന സ്ഥലം ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ ആധുനിക ഭക്ഷ്യധാന്യ ഗോഡൗൺ നിർമ്മാണത്തിനായി നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ സ്ഥലം ആർക്കാണ് ഇതിനായി കൈമാറാൻ ഉദ്ദേശിക്കുന്നത്;

(സി) വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>ലാഭപ്രഭ പദ്ധതി</u>

385 ശ്രീ.കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉപഭോക്താക്കൾക്കായി ലാഭപ്രഭ എന്ന പദ്ധതി നടപ്പാക്കിയിരുന്നോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) കേടായ മീറ്റർ മാറ്റി നൽകാത്തതു കാരണം നിരവധി ഉപഭോക്താക്കൾക്ക് പ്രസ്തുത പദ്ധതിയിൽ ചേരാൻ കഴിഞ്ഞില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിയിൽ എത്ര വ്യക്തികളും സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്തിരുന്നു എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയിലൂടെ എത്ര പേർക്ക് പദ്ധതി പ്രകാരമുളള ആനുകൂല്യം നൽകി എന്നും എത്ര യൂണിറ്റ് വൈദ്യുതി ഉപഭോഗം കുറയ്ക്കാൻ കഴിഞ്ഞു എന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

ലാഭപ്രഭ പദ്ധതി

386 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇതുവരെ എത്ര ഗാർഹിക വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ബി) വൈദ്യുതി ബോർഡ് നടപ്പാക്കിയ ലാഭപ്രഭ പദ്ധതിയിൽ എത്ര പേർ അംഗങ്ങളായി ചേർന്നിട്ടുണ്ട് ;

(സി) പ്രസ്തുത പദ്ധതിയുടെ പ്രചരണത്തിനും അനുബന്ധ ചെലവുകൾക്കുമായി ഇതുവരെ എന്തു തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ഡി) ലാഭപ്രഭ പദ്ധതി ആരംഭിച്ചതിനുശേഷം വൈദ്യുതി ബോർഡിന് ഇതുവരെ എത്ര യൂണിറ്റ് വൈദ്യുതി ലാഭിക്കാൻ കഴിഞ്ഞിട്ടുണ്ട്; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>ലാഭ പ്രഭ പദ്ധതി</u>

387 ശ്രീ. പി. തിലോത്തമൻ
,, മുല്ലക്കര രത്നാകരൻ
,, ജി. എസ്. ജയലാൽ
,, വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലാഭപ്രഭ പദ്ധതി ആരംഭിച്ചതെന്നാണ്; ഈ പദ്ധതിയിൻ കീഴിൽ എത്ര ഗാർഹിക ഉപഭോക്താക്കളെയാണ് ലക്ഷ്യമിട്ടിരുന്നത്; ഇതിനായി എത്ര പേർ പേര് രജിസ്റ്റർ ചെയ്തു; ഇതിൽ തുടർന്ന് സഹകരിച്ചത് എത്ര ഗാർഹിക ഉപഭോക്താക്കളാണ്;

(ബി) ഈ പദ്ധതിയുടെ പ്രചരണത്തിനായി എത്ര തുക ചെലവഴിച്ചു;

(സി) ലാഭപ്രഭ പദ്ധതിയിൻകീഴിൽ എത്ര തുകയുടെ സമ്മാനങ്ങളാണ് വാഗ്ദാനം ചെയ്തിരുന്നത്; എത്ര പേർക്ക് എന്തെല്ലാം സമ്മാനങ്ങൾ നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ പദ്ധതിയിലൂടെ എത്ര യൂണിറ്റ് വൈദ്യുതി ലാഭിക്കാൻ കഴിഞ്ഞിട്ടുണ്ട്?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>ലാഭപ്രഭ പദ്ധതി</u>

388 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, കെ. അച്ചുതൻ
,, കെ. ശിവദാസൻ നായർ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ലാഭിക്കുന്ന ഉപഭോക്താക്കൾക്ക് പണവും സമ്മാനവും നൽകുന്ന പദ്ധതിക്ക് വൈദ്യുതി ബോർഡ് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) എന്തെല്ലാം സമ്മാനങ്ങളാണ് ഉപഭോക്താക്കൾക്ക് നൽകാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ;

(ഡി) പദ്ധതി നടപ്പിലാക്കുന്നതുവഴി വൈദ്യുതി ഉപഭോഗം എത്ര യൂണിറ്റ് കുറയ്ക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

റെയിൽവേ സ്റ്റേഷനുകളിൽ പാർക്കിംഗ് ഏരിയ

389 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റെയിൽവേ സ്റ്റേഷനുകളിൽ എത്തുന്ന സ്വകാര്യവാഹനങ്ങൾ താല്ക്കാലികമായി പാർക്ക് ചെയ്യുന്നതിന് സൗകര്യം ഇല്ലാത്തതുമൂലം നേരിടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ റെയിൽവേ സ്റ്റേഷൻ പരിസരത്ത് ഇത്തരത്തിലുള്ളവർക്ക് പ്രത്യേകം പാർക്കിംഗ് ഏരിയ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) താല്ക്കാലികാവശ്യാർത്ഥം വരുന്നവർ സർക്കാർവാഹനപാർക്കിംഗ് നടത്തുന്നിടത്ത് അല്പനേരം ഇരുചക്രവാഹനം നിർത്തിയാൽപോലും, ആർ.പി.എഫ്. വൻതുക പിഴയീടാക്കുന്ന അവസ്ഥ നിലനിൽക്കുന്നതിനാൽ ഇക്കാര്യത്തിൽ അടിയന്തിരമായി ഇടപെട്ട് പരിഹാര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>കൊയിലാണ്ടി റെയിൽവേ സ്റ്റേഷനിലെ സൗകര്യങ്ങൾ</u>

390 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി റെയിൽവേ സ്റ്റേഷന്റെ വികസനാർത്ഥം ലഭിച്ച അപേക്ഷകൾ/നിവേദനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത റെയിൽവേ സ്റ്റേഷന്റെ പരിമിതികളെയും ഈ സ്റ്റേഷനിൽ സംസ്ഥാന സർക്കാർ നടപ്പാക്കേണ്ടുന്ന വികസന പരിപാടികളേയും സംബന്ധിച്ച് എന്തെങ്കിലും വിലയിരുത്തലുകൾ നടത്തിയിട്ടുണ്ടോ;

(സി) പ്രധാനപ്പെട്ട പല ദീർഘദൂര തീവണ്ടികളും കൊയിലാണ്ടി സ്റ്റേഷനിൽ നിർത്തുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കൂടുതൽ തീവണ്ടികൾക്ക് കൊയിലാണ്ടി സ്റ്റേഷനിൽ സ്റ്റോപ്പ് അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

ട്രെയിനുകളിലെ സൗകര്യങ്ങൾ

391 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ട്രയിനുകളിൽ നിന്നുള്ള മാലിന്യങ്ങൾ റെയിൽ പാളത്തിൽ നിക്ഷേപിക്കുന്നത് മൂലം ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ടെന്ന പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മാലിന്യങ്ങൾ ട്രെയിനിൽ ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുവാൻ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നിർദ്ദേശം റെയിൽവേയുടെ ശ്രദ്ധയിൽപ്പെടുത്തുമോ;

(ബി) ട്രയിനുകളിൽ വെള്ളം നിറയ്ക്കാനുപയോഗിക്കുന്ന സംവിധാനം നിരീക്ഷിച്ചിട്ടുണ്ടോ;

(സി) റെയിൽവേ ട്രാക്കുകളിലെ മാലിന്യം വെള്ളത്തോടൊപ്പം കലരാനുള്ള സാധ്യത ഒഴിവാക്കാൻ സജീവ ശ്രദ്ധ പുലർത്തുമോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>കൊച്ചി മെട്രോ പദ്ധതി</u>

392 ശ്രീ. ഹൈബി ഈഡൻ
,, ബെന്നി ബെഹനാൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ കരാർ പൂർത്തിയായിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം തുടങ്ങിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) എത്ര വർഷത്തിനകം പദ്ധതി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>കൊച്ചി മെട്രോ റയിലിന്റെ ഇടപ്പള്ളി സ്റ്റേഷൻ നിർമാണം</u>

393 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ റയിലിന്റെ ഇടപ്പള്ളി സ്റ്റേഷൻ 2012-ലെ രൂപകല്പന പ്രകാരം നിർമ്മിക്കാനുദ്ദേശിച്ചത് എവിടെ ആയിരുന്നു; പ്രസ്തുത സ്ഥലം പിന്നീട് മാറ്റുകയുണ്ടായോ;

(ബി) ഇടപ്പള്ളി സ്റ്റേഷൻ നിർമ്മിക്കാനുദ്ദേശിച്ച സ്ഥലത്ത് മറ്റേതെങ്കിലും കെട്ടിടം നിർമ്മിച്ചിട്ടുണ്ടോ; എങ്കിൽ ഏത്;

(സി) മെട്രോ റയിലിന്റെ സ്റ്റേഷൻ നിർമ്മാണ സ്ഥലത്ത് മറ്റൊരു കെട്ടിടം നിർമ്മിക്കുന്നതിനെതിരെ കെ.എം.ആർ.എൽ. കൊച്ചി നഗരസഭയ്ക്ക് 2012-ൽ കത്ത് നല്കിയിരുന്നുവോ;

(ഡി) കെ.എം.ആർ.എൽ. കൊച്ചി നഗരസഭയ്ക്ക് നൽകിയ കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>തിരുവനന്തപുരത്ത് മോഡേൺ മെക്കനൈസ്ഡ് ആട്ടോമേറ്റഡ് ലോൺഡ്രീസ് പ്രോജക്ട്</u>

394 ശ്രീ. പി.ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-കൊച്ചുവേളി, ഉൾപ്പെടെ ഇന്ത്യയിലെ അഞ്ച് സിറ്റികളിൽ മോഡേൺ മെക്കനൈസ്ഡ് ആട്ടോമേറ്റഡ് ലോൺഡ്രീസ് പ്രോജക്ട് ആരംഭിക്കുന്നതിന് 2009-2010-ലെ കേന്ദ്ര റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തിരുവനന്തപുരത്ത് ഒഴികെ മറ്റു സിറ്റികളിൽ പ്രസ്തുത പദ്ധതി ആരംഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തിരുവനന്തപുരത്ത് പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നത് പരിശോധിക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി തിരുവനന്തപുരത്ത് ഉടനെ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

പാരലല്‍ സര്‍വ്വീസുകള്‍ മൂലമുള്ള നഷ്ടം

395 ശ്രീ.എം.എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കൊല്ലം-കൊട്ടാരക്കര റൂട്ടില്‍ പാരലല്‍ സര്‍വ്വീസു കള്‍ മൂലം കെ.എസ്.ആര്‍.ടി.സി. നേരിടുന്ന നഷ്ടം ശ്രദ്ധ യില്‍പ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയം ശ്രദ്ധയില്‍പ്പെടുത്തിക്കൊണ്ട് നല്‍കിയ നിവേദനത്തിന്മേല്‍ സ്വീകരിച്ച നടപടിയെ ന്തെന്ന് വ്യക്തമാക്കുമോ;

(സി) കൊല്ലം-കൊട്ടാരക്കര റൂട്ടിലെ പാരലല്‍ സര്‍വ്വീസു കള്‍ക്ക് സഹായം നല്‍കുന്ന ഉദ്യോഗസ്ഥര്‍ക്കെതിരെ കര്‍ശന നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി.യിലെ എ.സി. വാഹനങ്ങളുടെ സർവ്വീസിംഗ്</u>

396 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിലെ A/C സംവിധാനമുള്ള പാസഞ്ചർ/ഇതര വാഹനങ്ങളുടെ സർവ്വീസിംഗിന്റെ രീതി എന്താണ്;

(ബി) ജെ.എൻ.യു.ആർ.എം. ബസുകൾക്ക് അവയുടെ കമ്പനിയുമായി സർവ്വീസിംഗിന് ധാരണയിലായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) കെ.എസ്.ആർ.ടി.സി.യിലുള്ള പൊതു സർവ്വീസിനുള്ളതല്ലാത്ത വാഹനങ്ങളിൽ A/C ഘടിപ്പിച്ചിട്ടുള്ളവയുടെ എണ്ണവും സർവ്വീസിംഗ് രീതിയും വിശദീകരിക്കുമോ;

(ഡി) പ്രസ്തുത സർവ്വീസിംഗിന് ഓപ്പൺ ടെണ്ടർ ക്ഷണിക്കുകയോ സർക്കാരിന്റേതായ വർക്ക്ഷോപ്പുകളിൽ റിപ്പയർ ചെയ്യുകയോ ചെയ്യുന്നതിനു പകരം സ്വകാര്യ വർക്ക്ഷോപ്പുകളിൽ റിപ്പയർ ചെയ്യുന്നതിന് ഉള്ള കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി. യിൽ പോയിന്റ് ഡ്യൂട്ടി സംവിധാനം</u>

397 ശ്രീ. ഷാഫി പറമ്പിൽ
,, എ.പി. അബ്ദുള്ളക്കുട്ടി
,, ഐ.സി. ബാലകൃഷ്ണൻ
,, വി.പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഏർപ്പെടുത്തിയ പോയിന്റ് ഡ്യൂട്ടി സംവിധാനം തുടരാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പ്രസ്തുത സംവിധാനം നടപ്പാക്കിയതുമൂലം എത്രമാത്രം കളക്ഷൻ, കോർപ്പറേഷന് അധികമായി ലഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) സംസ്ഥാനത്തുടനീളം പ്രസ്തുത സംവിധാനം വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>മിനി ബസ്സുകൾ</u>

398 ശ്രീ.എ.കെ.ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി ക്ക് ആകെ എത്ര മിനി ബസ്സുകൾ ഉണ്ട്; അതിൽ സർവ്വീസ് നടത്തുന്നവ എത്ര;

(ബി) പ്രസ്തുത മിനി ബസ്സുകൾക്ക് വേണ്ടി സ്പെയർ പാർട്സ് വാങ്ങിയ ഇനത്തിൽ എത്ര രൂപ ചെലവായെന്ന് വെളിപ്പെടുത്താമോ;

(സി) കെ.എസ്.ആർ.ടി.സി.യുടെ സെൻട്രൽ സ്റ്റോറിൽ എത്ര കോടി രൂപയുടെ സ്പെയർ പാർട്സ് കെട്ടിക്കിടപ്പുണ്ടെന്ന് വെളിപ്പെടുത്താമോ; ഇതിൽ ഉപയോഗ യോഗ്യമായവ എത്ര;

(ഡി) ഇ.ടിക്കറ്റ് മെഷീനും, ജി.പി.എസ്. മെഷീനും മറ്റു അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി എത്ര രൂപ ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി യുടെ പരസ്യ ഇനത്തിലുള്ള വരുമാനം

399 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി യുടെ വസ്തുവകകളിൽ പരസ്യം നൽകുന്നതിലൂടെ വരുമാനം ലഭിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം വഴികളിലൂടെയാണ് പ്രസ്തുത വരുമാനം ലഭിക്കുന്നത്; വിശദമാക്കുമോ;

(ബി) കഴിഞ്ഞ രണ്ട് കൊല്ലങ്ങളിൽ ഈ ഇനത്തിൽ ഏതൊക്കെ ഇടപാടുകളിലായി എത്ര തുക വീതം ലഭിച്ചു;

(സി) പരസ്യത്തിനുള്ള സ്പെയിസ് അലോട്ട്മെന്റിനുള്ള മാനദണ്ഡം വിശദമാക്കുമോ;

(ഡി) ഇത് ഇ-ടെണ്ടറിലൂടെയാണോ സെൻട്രലൈസ്ഡ് ടെണ്ടറിംഗ് സംവിധാനം മുഖേനയാണോ നടത്തുന്നത്;

(ഇ) 2013 ജൂൺ മുതൽ സുതാര്യമായ ടെണ്ടറിംഗ് രീതി നടപ്പാക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി. യുടെ നഷ്ടം കുറയ്ക്കാനുള്ള മാർഗ്ഗങ്ങൾ</u>

400 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
'' സി. മോയിൻകുട്ടി
'' പി. കെ. ബഷീർ
'' റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യുടെ ഉന്നത ഭരണ തലത്തിൽ പ്രൊഫഷണലിസവും, സാങ്കേതിക വൈദഗ്ദ്ധ്യവും ഉറപ്പുവരുത്തുന്നതിനായി നടപടികൾ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പ്രൊമോഷൻ മുഖേന ഉന്നത തസ്തികകളിലെത്തുന്നവർക്ക് നിശ്ചയിച്ചിട്ടുള്ള സാങ്കേതികവും, അക്കാദമികവുമായ യോഗ്യതകൾ കാര്യക്ഷമതയ്ക്ക് അനുയോജ്യമല്ലാത്തതിനാൽ അതു പുതുക്കി നിശ്ചയിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ജോലി ചെയ്യാതിരിക്കുന്നവരുടെ എണ്ണം നിയന്ത്രിച്ചും, ഡ്രൈവർ, കണ്ടക്ടർ, മെക്കാനിക്കൽ വിഭാഗം എന്നിവയിലെ ജോലി ചെയ്യുന്നവർക്ക് പ്രോത്സാഹനം നൽകിയും, സ്പെയർ പാർട്സ് ഇടപാട് സുതാര്യമാക്കിയും, യോഗ്യരായ പ്രൊഫഷണൽ മാനേജ്മെന്റ് ടീമിന്റെ സേവനം ഉപയോഗപ്പെടുത്തിയും കോർപ്പറേഷന്റെ നഷ്ടം കുറച്ചുകൊണ്ടു വരുന്ന കാര്യം പരിശോധിക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

കെ. എസ്. ആർ. ടി. സി. യുടെ സാമ്പത്തിക പ്രതിസന്ധി

401 ശ്രീ.വർക്കല കഹാർ
ശ്രീ. ജോസഫ് വാഴക്കൻ
ശ്രീ. സി. പി. മുഹമ്മദ്
ശ്രീ.വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സിയുടെ സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണാൻ കോർപ്പറേഷനിലെ വിജിലൻസ് വിഭാഗം കർമ്മ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ;

(സി) പരമാവധി യാത്രക്കാരെ ബസുകളിൽ കയറ്റി വരുമാനം വർദ്ധിപ്പിക്കാൻ കോർപ്പറേഷൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) പ്രസ്തുത പദ്ധതി എല്ലാ സ്ഥലങ്ങളിലും വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

**കേരള നിയമസഭ**
**11.06.2013-ലെ മറുപടിക്ക്**

<u>പുതുതായി ബസ്സുകൾ</u>

402 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, കെ. വി. അബ്ദുൾ ഖാദർ
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പുതുതായി ബസ്സുകൾ വാങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; നേരത്തെ പ്രഖ്യാപിച്ച ബസ്സുകൾ എല്ലാം വാങ്ങിയിട്ടുണ്ടോ; പുതിയതായി ബസ്സുകൾ വാങ്ങുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) എയർ ബസ്സുകൾ വാങ്ങുന്നതിന് ഏതെല്ലാം കമ്പനികളുമായി ആലോചനകൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ബസ്സുകൾ വാങ്ങുന്നതിന് ഓപ്പൺ ടെൻഡർ വ്യവസ്ഥ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഓപ്പൺ ടെൻഡർ വ്യവസ്ഥ നിർത്തലാക്കാൻ എന്തെങ്കിലും ആലോചന നടത്തിയിരുന്നോ; എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി. വാങ്ങിയ ബസ്സുകളും പിൻവലിച്ച ബസ്സുകളും</u>

403 ശ്രീ.സി.ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 - ൽ കെ.എസ്.ആർ.ടി.സി. എത്ര പുതിയ ബസ്സുകൾ വാങ്ങി;

(ബി) പ്രസ്തുത കാലയളവിൽ എത്ര ബസ്സുകൾ കെ.എസ്.ആർ.ടി.സി. പിൻവലിച്ചുവെന്ന് അറിയിക്കാമോ;

(സി) കഴിഞ്ഞ വർഷം എത്ര പുതിയ ഷെഡ്യൂളുകൾ ആരംഭിച്ചു?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>ഉപയോഗശൂന്യമായ കെ.എസ്.ആർ.ടി.സി. സ്പെയർ പാർട്സ്</u>

404 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ സെൻട്രൽ സ്റ്റോറിൽ സ്റ്റോക്ക് ചെയ്തിരിക്കുന്ന സ്പെയർ പാർട്സിന്റെ ആകെയുള്ള വിലവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സ്പെയർ പാർട്സിൽ ഉപയോഗശൂന്യമായത് എത്ര തുകയ്ക്കുള്ളതെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഉപയോഗമില്ലാത്തവ യഥാസമയം ലേലം ചെയ്ത് കൊടുക്കുന്നതിന് വേണ്ടി തിട്ടപ്പെടുത്തുവാനും അവ ലേലം ചെയ്യുവാനും നിലവിൽ വ്യവസ്ഥയുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത വ്യവസ്ഥാനുസരണം യഥാസമയം ഇത്തരം നടപടി ക്രമങ്ങൾ പാലിച്ചിട്ടുണ്ടോ;

(ഇ) യഥാസമയം ഇത്തരം നടപടിക്രമങ്ങൾ പാലിക്കാത്തതിനാൽ സ്റ്റോറിൽ സ്പെയർ പാർട്സ് ഉപയോഗശൂന്യമായി പോകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ആയതിന്മേൽ എന്തെല്ലാം നടപടികൾ ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

ബസ്സ് ടൈം ചെക്കിംഗ് പോയിന്റുകൾ

405 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
'' വി. റ്റി. ബൽറാം
'' എ. റ്റി. ജോർജ്
'' സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സ് ടൈം ചെക്കിംഗ് പോയിന്റുകൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ വിശദീകരിക്കുമോ;

(സി) കളക്ഷൻ വർദ്ധിപ്പിക്കുന്നതിന് പ്രസ്തുത സംവിധാനം എത്രമാത്രം പ്രയോജനകരമായിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) പ്രസ്തുത സംവിധാനം മുഖേന കോർപ്പറേഷന് എത്ര കളക്ഷൻ അധികം ലഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

കെ. എസ്. ആർ. ടി. സി.ക്ക് സാമ്പത്തിക സഹായം

406 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കെ.എസ്.ആർ.ടിസി.ക്ക് എന്തു തുകയുടെ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്; വിശദാംശം നൽകാമോ;

(ബി) അയൽ സംസ്ഥാനങ്ങളിൽ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗുകൾ വേൾഡ് ബാങ്ക് പോലുള്ള സ്ഥാപനങ്ങളിൽ നിന്നും സബ്സിഡി, ഗ്രാന്റ് എന്നീ സാമ്പത്തിക സഹായങ്ങളും കുറഞ്ഞ പലിശനിരക്കിൽ ലോണും നേരിട്ട് നേടിയെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ മേൽപ്പറഞ്ഞ പ്രകാരം കെ.എസ്.ആർ.ടി. സി.ക്കും നേരിട്ട് സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

കെ. എസ്. ആർ. ടി. സി. യുടെ ബാധ്യത

407

ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. റ്റി. ഡി. എഫ്. സി. പ്രവർത്തനം ആരംഭിക്കുമ്പോൾ എത്ര കോടി രൂപയാണ് ആസ്തിയായി ഉണ്ടായിരുന്നത്; നിലവിൽ കെ. റ്റി. ഡി. എഫ്. സി. യുടെ ആസ്തി എത്ര; വായ്പകൾക്ക് കെ. റ്റി. ഡി. എഫ്. സി. എത്ര ശതമാനം പലിശയാണ് ഈടാക്കുന്നത്;

(ബി) കെ. എസ്. ആർ. ടി. സി. യ്ക്ക് കെ. റ്റി. ഡി. എഫ്. സി. യിൽ എന്ത് തുകയുടെ ബാധ്യതയുണ്ട്; പലിശ നിരക്ക് എത്രയാണ്; പ്രതിമാസം എത്ര രൂപ പലിശയിനത്തിൽ ഈടാക്കുന്നു; മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ കെ. എസ്. ആർ. ടി. സി. പ്രതിമാസം എത്ര രൂപ വായ്പയിനത്തിൽ ഒടുക്കുന്നുണ്ട്;

(സി) കെ. എസ്. ആർ. ടി. സി. ഒഴികെ മറ്റേതെല്ലാം സ്ഥാപനങ്ങൾക്ക് കെ. റ്റി. ഡി. എഫ്. സി. വായ്പ നല്കിയിട്ടുണ്ട്; പ്രസ്തുത വായ്പകൾക്ക് എത്ര ശതമാനം പലിശയാണ് ഈടാക്കുന്നത്?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

കെ. എസ്. ആർ. ടി. സി. റദ്ദ് ചെയ്ത സർവ്വീസുകൾ

408

ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം കെ. എസ്. ആർ. ടി. സി. ഡിപ്പോയിൽ നിന്നും കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ എത്ര സർവ്വീസുകൾ റദ്ദ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇതിൽ താൽക്കാലികമായും, പൂർണ്ണമായും റദ്ദ് ചെയ്യപ്പെട്ട സർവ്വീസുകൾ ഏതൊക്കെയാണെന്ന് പ്രത്യേകമായി വ്യക്തമാക്കുമോ;

(ബി) റദ്ദ് ചെയ്യപ്പെട്ട സർവ്വീസുകളിൽ കഴിഞ്ഞ അഞ്ച് വർഷമായി സർവ്വീസ് നടത്തിയിരുന്നവ ഏതൊക്കെ ഉൾപ്പെട്ടിട്ടുണ്ട്; എന്ത് കാരണത്താലാണ് പ്രസ്തുത സർവ്വീസുകൾ റദ്ദ് ചെയ്യപ്പെട്ടതെന്ന് അറിയിക്കുമോ;

(സി) നിർത്തൽ ചെയ്ത സർവ്വീസുകൾ പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

കെ. എസ്. ആർ. ടി. സി. യുടെ വരുമാനം/ബാധ്യത

409

ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 ഏപ്രിൽ 1 ന് കെ. എസ്. ആർ. ടി. സി. യുടെ പ്രതിദിന വരുമാനം എത്രയായിരുന്നു;

(ബി) 2013 മെയ് 1 ന് കെ. എസ്. ആർ. ടി. സി. യുടെ പ്രതിദിന വരുമാനം എത്രയാണ്;

(സി) 2011 ഏപ്രിൽ 1 ന് കെ. എസ്. ആർ. ടി. സി. യുടെ വിവിധ വായ്പാ ബാധ്യതകൾ എത്രയായിരുന്നു; ആകെ ബാധ്യത എത്രയായിരുന്നു;

(ഡി) 2013 മെയ് 1 ന് കെ.എസ്. ആർ. ടി. സി. യുടെ വിവിധ വായ്പാ ബാധ്യതകൾ എത്രയാണ്; ആകെ ബാധ്യതകൾ എത്രയാണ്?

**കേരള നിയമസഭ**
**11.06.2013-ലെ മറുപടിക്ക്**

<u>ചാത്തന്നൂർ കെ. എസ്. ആർ.ടി. സി. ഡിപ്പോയിലെ സർവ്വീസുകൾ</u>

410 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ കെ. എസ്. ആർ. ടി. സി. ഡിപ്പോയിൽ നിന്നും എത്ര സർവ്വീസുകളാണ് നടത്തിവന്നിരുന്നത്; സർവ്വീസ് നടത്താനായി ഡിപ്പോയിൽ എത്ര ബസ്സുകൾ ആണ് അനുവദിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സർവ്വീസുകളിൽ കഴിഞ്ഞ 4 മാസത്തിനുളളിൽ നിറുത്തലാക്കിയ സർവ്വീസുകൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ;

(സി) ഏതെങ്കിലും സർവ്വീസുകൾ നിറുത്തൽ ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ; പ്രസ്തുത സർവ്വീസുകൾ ഉടൻ തന്നെ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

കൊട്ടാരക്കര-ഓയൂർ റൂട്ടിൽ ചെയിൻ സർവ്വീസ്

411 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര - ഓയൂർ റൂട്ടിൽ ചെയിൻ സർവ്വീസ് ആരംഭിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്തിയതിന്റെ വിശദ വിവരം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത സർവ്വീസ് ആരംഭിക്കാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമാണ്;

(സി) പ്രസ്തുത സർവ്വീസ് അടിയന്തിരമായി ആരംഭിക്കാൻ എന്തെല്ലാം എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>ഗതാഗത സൗകര്യങ്ങളുടെ ആധുനികവൽക്കരണം</u>

412

ശ്രീ. പി. കെ ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗതാഗത സൗകര്യങ്ങൾ ആധുനികവൽക്കരിക്കുന്നത് സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ;

(ബി) ഗതാഗത സൗകര്യങ്ങൾ ആധുനിക വൽക്കരിയ്ക്കുന്നതിന് കേന്ദ്രസഹായം ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഗതാഗത സൗകര്യങ്ങൾ ആധുനിക വൽക്കരിയ്ക്കുന്നതിനായി എന്തെല്ലാം കർമ്മ പരിപാടികളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>ബീക്കണ്‍ ലൈറ്റും ഔദ്യോഗിക ബോര്‍ഡും</u>

413 ശ്രീ. സി. മോയിന്‍കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഔദ്യോഗിക വാഹനത്തില്‍ ബീക്കണ്‍ ലൈറ്റ്, ഔദ്യോഗിക ബോര്‍ഡ് എന്നിവ ഉപയോഗിക്കുന്നത് സംബന്ധിച്ച് വ്യക്തമായ ഉത്തരവുണ്ടായിട്ടും നിയമം ലംഘിക്കപ്പെടുന്നത് ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ; എങ്കില്‍ ഇതിനെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ചില മേയര്‍മാര്‍ ഗവണ്‍മെന്റിന്റെ ഉത്തരവ് ലംഘിച്ച് ചുവന്ന ബീക്കണ്‍ ലൈറ്റ് ഉപയോഗിച്ചു വരുന്നതിനെതിരെ എന്ത് നടപടി സ്വീകരിച്ചു; ആര്‍ക്കൊക്കെ എതിരെ നടപടി സ്വീകരിച്ചു; ഇല്ലെങ്കില്‍ നടപടി സ്വീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

കെ. എസ്. ആര്‍. ടി. സി.- തമ്പാനൂര്‍ ബസ് സ്റ്റാന്‍ഡ് നിര്‍മ്മാണം

414 ശ്രീ. കോലിയക്കോട് എന്‍. കൃഷ്ണന്‍ നായര്‍
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. എ. പ്രദീപ് കുമാര്‍
,, ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കെ. എസ്. ആര്‍. ടി. സി. യ്ക്ക് സംസ്ഥാനത്ത് വിവിധ നഗരങ്ങളിലുളള സ്ഥലങ്ങളില്‍ ബസ് സ്റ്റാന്‍ഡ് കം ഷോപ്പിംഗ് കോംപ്ലക്സുകള്‍ സ്ഥാപിക്കാനുളള മുന്‍ സര്‍ക്കാരിന്റെ പദ്ധതി ഇപ്പോള്‍ ഏത് ഘട്ടത്തിലാണ്; പുതുതായി എത്ര സ്ഥലങ്ങളില്‍ പദ്ധതിക്ക് രൂപം നല്‍കിയിട്ടുണ്ട്;

(ബി) തമ്പാനൂര്‍ ബസ് സ്റ്റാന്‍ഡ് നിര്‍മ്മാണ പ്രവര്‍ത്തനങ്ങള്‍ എന്നാണ് ആരംഭിച്ചതെന്നും ഇപ്പോള്‍ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ;

(സി) ബസ് ടെര്‍മിനലിന്റെ നിര്‍മ്മാണവും പരിപാലനവും ഏത് കമ്പനിയെയാണ് ഏല്പിച്ചതെന്നും നിര്‍മ്മാണ പ്രവര്‍ത്തനങ്ങള്‍ എന്ന് പൂര്‍ത്തിയാക്കാനാണ് ലക്ഷ്യമിട്ടതെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ലക്ഷ്യം കൈവരിക്കാന്‍ സാധിക്കാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) ടെര്‍മിനലിന്റെ പണി പൂര്‍ത്തിയാക്കി എന്ന് ഉദ്ഘാടനം നടത്താന്‍ സാധിക്കുമെന്നാണ് കരുതുന്നത്;

(എഫ്) ബസ് ടെര്‍മിനലിന്റെ നിര്‍മ്മാണ പ്രവത്തനം സംബന്ധിച്ച് വിജിലന്‍സ് സ്പെഷ്യല്‍ ഇന്‍വെസ്റ്റിഗേഷന്‍ ടീം എന്തെങ്കിലും അന്വേഷണം നടത്തിയിരുന്നോ; പ്രസ്തുത അന്വേഷണത്തിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ജി) പ്രാഥമിക റിപ്പോര്‍ട്ടിന്റെ അടിസ്ഥാനത്തില്‍ എന്ത് തുടര്‍ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(എച്ച്) കെട്ടിട നിര്‍മ്മാണ വ്യവസ്ഥകള്‍ നിര്‍മ്മാണ കമ്പനി ലംഘിച്ചതായിട്ടുളള പരാതി സര്‍ക്കാര്‍ പരിശോധിച്ചിരുന്നോ; എങ്കില്‍ അതിന്റെ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

കൊട്ടാരക്കര കെ.എസ്.ആർ.ടി.സി ഡിപ്പോയുടെ വികസനം

415 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര കെ.എസ്.ആർ.ടി.സി ഡിപ്പോയുടെ വികസനത്തിനായി ഏറ്റെടുക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത സ്ഥലം ഏറ്റെടുക്കലിന്റെ നടപടി ക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(സി) നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തി സ്ഥലം ഏറ്റെടുക്കുന്നത് യാഥാർത്ഥ്യമാക്കാൻ കെ.എസ്.ആർ.ടി.സി യിൽ നിന്നും സ്വീകരിക്കാവുന്ന തുടർ നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

കോഴിക്കോട് നഗരത്തിൽ കെ.എസ്.ആർ.ടി.സി സിറ്റി സർവ്വീസ്

416 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ കെ.എസ്.ആർ.ടി.സി. സിറ്റി സർവ്വീസ് ആരംഭിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

**കേരള നിയമസഭ**
**11.06.2013-ലെ മറുപടിക്ക്**

<u>പുതിയ ബസ്സുകൾ</u>

417 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരമേറ്റ ശേഷം കെ.എസ്.ആർ.ടി.സി.യ്ക്കുവേണ്ടി എത്ര പുതിയ ബസ്സുകൾ വാങ്ങിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ ;

(ബി) പുതിയ ബസ്സുകൾ ഡിപ്പോകളിലേയ്ക്ക് അലോട്ട് ചെയ്തതിന്റെ പട്ടിക ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

പൊന്നാനി കെ. എസ്. ആർ. ടി. സി. ഡിപ്പോയ്ക്ക് ചുറ്റുമതിൽ

418

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി കെ.എസ്. ആർ. ടി. സി. ഡിപ്പോയ്ക്ക് ചുറ്റുമതിൽ നിർമ്മാണം നടക്കാത്തത് മൂലം യാത്രക്കാർക്കും ജീവനക്കാർക്കുമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചുറ്റുമതിൽ കെട്ടുന്നതിനായി എം. എൽ. എ. ഫണ്ടും വിവിധ തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ടുകളും ചേർന്ന് 75 ലക്ഷംത്തോളം രൂപ കോർപ്പറേഷനിൽ 2011 ൽ കെട്ടിവച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിലവിൽ അതിനുളള തടസ്സങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ഡി) അടിയന്തിരമായി ചുറ്റുമതിൽ കെട്ടാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി സർവ്വീസ് - ഷെഡ്യൂളുകൾ</u>

419 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 ഏപ്രിൽ മാസം കെ.എസ്.ആർ.ടി.സി പ്രതിദിനം എത്ര സർവ്വീസുകളും എത്ര ഷെഡ്യൂളുകളുമാണ് നടത്തിയിരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കാലയളവിൽ വിവിധ ഡിപ്പോകളിൽ നിന്നും എത്ര ഷെഡ്യൂളുകളും സർവ്വീസുകളുമാണുണ്ടായിരുന്നതെന്നു വ്യക്തമാക്കുമോ ;

(സി) 2013 മെയ് മാസം കെ.എസ്.ആർ.ടി.സി പ്രതിദിനം എത്ര സർവ്വീസുകളും എത്ര ഷെഡ്യൂളുകളുമാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇപ്പോൾ ഓരോ ഡിപ്പോകളിൽ നിന്നും എത്ര ഷെഡ്യൂളുകളും സർവ്വീസുകളുമാണ് നടത്തുന്നതെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

കോഴിക്കോട് കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റാന്റ് നിർമ്മാണം

420

ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റാന്റ് നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നിശ്ചയിച്ച തീയതി എന്നായിരുന്നു?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>വള്ളിക്കാപ്പറ്റയിൽ കെ.എസ്.ആർ.ടി.സി. ദീർഘദൂര ബസ്സുകൾക്ക് സ്റ്റോപ്പ്</u>

421 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ-മഞ്ചേരി റൂട്ടിലെ പ്രധാന കേന്ദ്രമായ വള്ളിക്കാപ്പറ്റയിൽ കെ.എസ്.ആർ.ടി.സി.യുടെ ദീർഘ ദൂര ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ആവശ്യം അനുവദിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 11.06.2013-ലെ മറുപടിക്ക്

<u>കെ. എസ്. ആർ. ടി. സി. - യാത്രാ നിരക്കുകൾ</u>

422 ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കെ.എസ്.ആർ.ടി.സി.യുടെ യാത്രാനിരക്കുകൾ എത്രയായിരുന്നു; 2011 മാർച്ചിൽ അവസാനിച്ച വർഷം കെ.എസ്.ആർ.ടി.സി.യുടെ മൊത്തം വരുമാനം എത്ര; നഷ്ടം എത്ര;

(ബി) ഈ സർക്കാരിന്റെ കാലത്ത് എത്ര തവണ നിരക്കുകൾ വർദ്ധിപ്പിക്കുകയുണ്ടായി; ഓരോ വർദ്ധനയും നിലവിലുണ്ടായിരുന്നതിന്റെ എത്ര ശതമാനം വീതമായിരുന്നു;

(സി) നിലവിലുള്ള സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി. ചാർജ്ജ് വർദ്ധിപ്പിക്കുക വഴി ഓരോ ഘട്ടത്തിലും അധിക വരുമാനം പ്രതീക്ഷിച്ചത് എത്ര കോടി വീതമായിരുന്നു;

(ഡി) 2012-13 സാമ്പത്തിക വർഷത്തെ മൊത്ത വരുമാനം എത്ര; നഷ്ടം എത്ര?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

ചേർത്തല ഡിപ്പോയിലേയ്ക്ക് കൂടുതൽ ബസ്സുകൾ

423 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കെ.എസ്.ആർ. ടി.സി. എത്ര പുതിയ ബസ്സുകൾ നിരത്തിലിറക്കി എന്നും പ്രസ്തുത ബസ്സുകൾ എത്രയെണ്ണം വീതം ഏതെല്ലാം ഡിപ്പോകൾക്കാണ് അനുവദിച്ചത് എന്നും വിശദമാക്കാമോ;

(ബി) ചേർത്തല ഡിപ്പോയിലെ ബസ്സുകളുടെ ക്ഷാമവും ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കുന്നതും പുതുതായി റൂട്ടുകൾ അനുവദിക്കാൻ കഴിയാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കുന്നതിന് കൂടുതൽ ബസ്സുകൾ അനുവദിക്കണമെന്ന ആവശ്യം പരിഗണിക്കാത്തതിന്റെ കാരണം പറയാമോ; ഡിപ്പോയിലേയ്ക്ക് കൂടുതൽ ബസ്സുകൾ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് - തിരുവനന്തപുരം റൂട്ടിലെ യാത്രാപ്രശ്നം</u>

424 ശ്രീ.കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് -തിരുവനന്തപുരം റൂട്ടിൽ കെ.എസ്. ആർ.ടി.സി എത്ര സർവ്വീസ് നടത്തുന്നുണ്ട് എന്നും ഏതൊക്കെ ബസ്സുകൾ ഏതൊക്കെ സമയത്താണ് സർവ്വീസ് നടത്തുന്നത് എന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റൂട്ടിലെ യാത്രാ പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അമിത ചാർജ് ഈടാക്കിക്കൊണ്ട് രാത്രികാലത്ത് നിരവധി കോൺട്രാക്ട് കാരിയേജ് ബസ്സുകൾ സർവ്വീസ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കെ.എസ്.ആർ.ടി.സി.യുടെ കൂടുതൽ ഡീലക്സ് ബസ്സുകൾ ഈ റൂട്ടിൽ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>ചാലക്കുടിയിൽ കെ.എസ്.ആർ.ടി.സി ക്ക് വേണ്ടി നിർമ്മാണ പ്രവർത്തനം</u>

425 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചാലക്കുടിയിൽ കെ.എസ്.ആർ.ടി.സി വക വാണിജ്യ പ്രാധാന്യമുള്ള സ്ഥലത്ത്, ടൂറിസ്റ്റുകളടക്കമുള്ളവർക്ക് പ്രയോജനകരമായ രീതിയിൽ മൾട്ടിപർപ്പസ് ഷോപ്പിംഗ് കോംപ്ലക്സും, ടൂറിസ്റ്റുഹോമും പണിയുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>കെ.. എസ്. ആർ. ടി. സി. യിലെ വർക്ഷോപ്പുകളുടെ ആധുനികവത്കരണം</u>

426 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി യിൽ സ്പെയർപാർട്സ്, ടയറുകൾ അനുബന്ധ സാധനങ്ങൾ എന്നിവയുടെ ഗുണമേന്മ പരിശോധനയ്ക്ക് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) വർക്ഷോപ്പുകളുടെ ആധുനികവത്കരണത്തിന് സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ;

(സി) പ്രിന്റിംഗ് ഇനത്തിൽ പ്രതിവർഷം ചെലവാകുന്ന തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>ഡീസൽ സബ്സിഡി പിൻവലിച്ചതുമൂലമുള്ള നഷ്ടം</u>

427 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡീസൽ സബ്സിഡി പിൻവലിച്ചതു മൂലം കെ.എസ്.ആർ.ടി.സി. ക്ക് ഇതുവരെ എത്ര കോടി രൂപയുടെ നഷ്ടമാണ് ഉണ്ടായിട്ടുള്ളത്;

(ബി) സബ്സിഡി പുനഃസ്ഥാപിക്കുന്നതിനു വേണ്ടി കേന്ദ്ര ഗവൺമെന്റിന് നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ടോ;

(സി) അതിന്റെ ഫലമായി കേന്ദ്ര ഗവൺമെന്റിൽ നിന്നും അനുകൂല സമീപനം ഉണ്ടായിട്ടുണ്ടോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടിസി. യെ വൈവിദ്ധ്യവൽക്കരിക്കുന്നതു സംബന്ധിച്ച്</u>

428 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടിക്കടിയുണ്ടാകുന്ന ഡീസൽ വിലവർദ്ധനയുടെ ഭാഗമായി കെ.എസ്.ആർ.ടി.സി. നേരിടുന്ന സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ, വൈവിദ്ധ്യവൽക്കരണം നടപ്പാക്കുമോ; യാത്രക്കാരെ കൊണ്ടുപോകുന്ന വാഹനങ്ങളിൽ തന്നെ തപാൽ ഉരുപ്പടികൾ കയറ്റുന്ന കൊറിയർ സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ പാർസലുകൾ കൊണ്ടുപോകുവാൻ അനുമതിയുണ്ടോ; ഇല്ലെങ്കിൽ അതു പുനസ്ഥാപിച്ച്, ബസ്സുകളിൽ പ്രത്യേക സൗകര്യമേർപ്പെടുത്തി പാർസലുകൾ കയറ്റി അയക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

മാടായിക്കാവിലേക്ക് കെ.എസ്.ആർ.ടി.സി ബസ്

429 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
ഊർജ്ജവും ഗതാഗതവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ ശ്രീ. തിരുവർക്കാട്ടുകാവിൽ (മാടായിക്കാവ്) തലപ്പാടിയിൽ നിന്നും കൂട്ടുപുഴ നിന്നും കെ.എസ്.ആർ.ടി.സി ബസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി. യിലെ പ്രതിസന്ധി</u>

430 ശ്രീ. എളമരം കരീം
,, പി.കെ. ഗുരുദാസൻ
,, സാജു പോൾ
,, കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. അഭിമുഖീകരിക്കുന്ന പ്രതിസന്ധി ഇപ്പോഴും നിലനിൽക്കുന്നുണ്ടോ; ബസുകളിൽ പ്രകൃതി വാതകം ഇന്ധനമായി ഉപയോഗിക്കുന്നത് സംബന്ധിച്ച് എന്തെല്ലാം നിർദ്ദേശങ്ങളാണ് കേന്ദ്ര സർക്കാർ നൽകിയതെന്ന് വ്യക്തമാക്കുമോ; ഇത് നടപ്പിലാക്കി തുടങ്ങിയിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ കേന്ദ്രസർക്കാർ എന്ത് സാമ്പത്തികസഹായം നൽകാമെന്നാണ് ഉറപ്പുനൽകിയിരിക്കുന്നത്;

(സി) ബസുകൾ എൽ.എൻ.ജി.യിലേക്ക് മാറ്റുന്നത് സംബന്ധിച്ച് മുൻസർക്കാരിന്റെ കാലത്ത് പഠനം നടത്തിയിരുന്നോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) ബസുകൾ എൽ.എൻ.ജി.യിലേക്ക് മാറ്റുന്നതിന് എന്ത് സാമ്പത്തിക ബാദ്ധ്യത വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; ഇതിനുള്ള തുക എങ്ങിനെ കണ്ടെത്താമെന്നാണ് കരുതുന്നത്;

(ഇ) ആവശ്യാനുസരണം എൽ.എൻ.ജി. ലഭ്യമാക്കുന്നതിന് എന്ത് സംവിധാനമാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി ബസുകളിൽ സി.എൻ.ജി ഇന്ധനം ഉപയോഗിക്കുന്നതിന് പദ്ധതി</u>

431 ശ്രീ. കെ. മുരളീധരൻ
,, റ്റി. എൻ. പ്രതാപൻ
,, ഷാഫി പറമ്പിൽ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി ബസുകളിലുപയോഗിക്കുന്ന ഇന്ധനം ഡീസലിൽ നിന്നും സി.എൻ.ജി ആക്കി മാറ്റുന്നതിന് പദ്ധതി രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങളും സവിശേഷതകളും വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം സഹായങ്ങളാണ് കേന്ദ്രസർക്കാർ വാഗ്ദാനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി രൂപീകരണത്തിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സിയ്ക്ക് പ്രകൃതിവാതക പ്ലാന്റ്

432 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സിയ്ക്കായി പ്രകൃതിവാതക പ്ലാന്റ് തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനുള്ള നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ വിശദീകരിയ്ക്കാമോ ?

**കേരള നിയമസഭ**
**11.06.2013-ലെ മറുപടിക്ക്**

<u>പോയിന്റ് ഡ്യൂട്ടി സമ്പ്രദായം</u>

433 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും എത്ര ഷെഡ്യൂളുകൾ നടത്തുന്നുണ്ട് ;

(ബി) പ്രതിദിന ക്യാൻസലേഷൻ സർവ്വീസുകളുടെ ശരാശരി എണ്ണം എത്രയാണ് ;

(സി) ഡിപ്പോയിലെ ശരാശരി പ്രതിമാസ വരുമാനം എത്രയാണ് ;

(ഡി) പോയിന്റ് ഡ്യൂട്ടി സമ്പ്രദായം ഏർപ്പെടുത്തിയ ശേഷം ഡിപ്പോയിൽ മാസവരുമാനത്തിൽ ഉണ്ടായ വർദ്ധനവ് എത്രയാണെന്ന് വെളിപ്പെടുത്തുമോ ?

## കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>പാപ്പനംകോട് ഡിപ്പോയ്ക്ക് പുതിയ ബസ്സുകൾ</u>

434 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റ ശേഷം പാപ്പനംകോട് കെ.എസ്.ആർ.ടി.സി ഡിപ്പോയ്ക്ക് എത്ര പുതിയ ബസ്സുകൾ നൽകിയെന്നും പ്രസ്തുത ബസ്സുകൾ ഏതൊക്കെ റൂട്ടുകളിലാണ് സർവ്വീസ് നടത്തുന്നതെന്നും വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

വണ്ടാനം മെഡിക്കൽ കോളേജ് - കോട്ടയം മെഡിക്കൽ കോളേജ് ബസ് സർവ്വീസ്

435 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വണ്ടാനം മെഡിക്കൽ കോളേജിൽ നിന്നും കോട്ടയം മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്യുന്ന രോഗികളുടെ യാത്രാസൗകര്യത്തിനായി വണ്ടാനം മെഡിക്കൽ കോളേജ് -കോട്ടയം മെഡിക്കൽ കോളേജ് റൂട്ടിലേക്ക് കെ.എസ്.ആർ.ടി.സി ബസ് സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി.യുടെ പുതിയ സർവ്വീസുകൾ

436 ശ്രീ.കെ.കെ.നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ധർമ്മടം നിയോജക മണ്ഡലത്തിൽ ഈ സർക്കാർ കെ.എസ്.ആർ.ടി.സി.യുടെ പുതിയ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പുതിയ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>പുതുതായി ആരംഭിച്ച ബസ് റൂട്ടുകൾ</u>

437 ശ്രീ.പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഏതെല്ലാം നിയമസഭാ സാമാജികർ നിർദ്ദേശിച്ച ബസ് റൂട്ടുകളാണ് കെ. എസ്. ആർ. ടി.സി പ്രാവർത്തികമാക്കിയിട്ടുള്ളത്;

(ബി) ഏതെല്ലാം നിയമസഭാ സാമാജികർ നിർദ്ദേശിച്ച ബസ് റൂട്ടുകളാണ് സാധ്യതാ പഠനം പൂർത്തിയാക്കിയിട്ടുള്ളത്;

(സി) പ്രസ്തുത റൂട്ടുകൾ എന്ന് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) നിലമ്പൂരിൽ നിന്ന് മാവൂർ വഴി കോഴിക്കോട്ടേയ്ക്ക് ആരംഭിക്കാൻ തീരിമാനിച്ച ചെയിൻ സർവ്വീസുകൾ പൂർണ്ണ തോതിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>മഞ്ചേരി മണ്ഡലത്തിൽ ആരംഭിച്ച പുതിയ ബസ്സ് റൂട്ടുകൾ</u>

438 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് മഞ്ചേരി മണ്ഡലത്തിൽ ആരംഭിച്ച പുതിയ ബസ്സ് റൂട്ടുകളുടെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ബസ്സ് റൂട്ട് ആവശ്യപ്പെട്ടുകൊണ്ട് 25.07.2012-ൽ നൽകിയ 1703/വി.ഐ.പി/2012/എം(ട്രാൻസ്പോർട്ട്) കത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) ഇത്തരം അപേക്ഷകളിൽ തുടർ നടപടികൾക്ക് കാലതാമസം നേരിടുന്നതിനുള്ള കാരണങ്ങൾ വിശദമാക്കാമോ;

(ഡി) നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് നൽകിയ അപേക്ഷകളിന്മേൽ പുതിയ ബസ്സ് റൂട്ട് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

2012-13 ലെ ബഡ്ജറ്റിൽ അനുവദിച്ചിട്ടും നടപ്പാക്കാത്ത പദ്ധതികൾ

439 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2012-13 ലെ ബഡ്ജറ്റിൽ ഗതാഗത വകുപ്പിനായി അനുവദിച്ച പദ്ധതികളിൽ പൂർണ്ണമായും നടപ്പിലാക്കാത്തവ ഏതെല്ലാമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>പുതിയ ആർ.ടി, സബ് ആർ.ടി ഓഫീസുകൾ</u>

440 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയതായി പ്രഖ്യാപിച്ച ഏതെല്ലാം താലൂക്കുകളിലാണ് ആർ.ടി, സബ് ആർ.ടി ഓഫീസുകൾ നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഓഫീസുകൾ ഇല്ലാത്ത പുതിയ താലൂക്കുകളിൽ അവ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>കുന്ദമംഗലം ആസ്ഥാനമായി ജോയിന്റ് ആർ.ടി.ഓഫീസ്</u>

441 ശ്രീ.പി.റ്റി.എ.റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏറ്റവുമധികം ജോലിഭാരമുള്ള പത്ത് ആർ.ടി.ഒ./ ജോയിന്റ് ആർ.ടി.ഒ. ഓഫീസുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) കുന്ദമംഗലം ആസ്ഥാനമായി ഒരു ജോയിന്റ് ആർ.ടി. ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>ആർ. ടി. ഓഫീസുകളിലെ ഫാസ്റ്റ് ട്രാക്ക് കൗണ്ടർ</u>

442 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ആർ. ടി. ഓഫീസുകളിൽ എവിടെയെല്ലാമാണ് ഫാസ്റ്റ് ട്രാക്ക് കൗണ്ടർ സംവിധാനമുള്ളത്; വിശദമാക്കാമോ;

(ബി) പ്രസ്തുത സംവിധാനം വഴി പൊതുജനങ്ങൾക്ക് എന്തൊക്കെ സേവനങ്ങളാണ് ലഭ്യമാകുന്നത്;

(സി) ആർ. ടി. ഓഫീസുകളിൽ ഇടനിലക്കാരെ പൂർണ്ണമായും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>സ്വകാര്യ ബസ്സുകൾക്ക് ലിമിറ്റഡ് സ്റ്റോപ്പ്, ഫാസ്റ്റ്, സൂപ്പർഫാസ്റ്റ് പെർമിറ്റ്</u>

443 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ബസുകൾക്ക് ലിമിറ്റഡ് സ്റ്റോപ്പ്, ഫാസ്റ്റ്, സൂപ്പർഫാസ്റ്റ് പെർമിറ്റ് നൽകുന്നതിനുളള നിബന്ധനകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിബന്ധനകൾ പാലിച്ചുകൊണ്ട് എത്ര ബസുകൾക്ക് പെർമിറ്റ് നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ഫാസ്റ്റ്, സൂപ്പർഫാസ്റ്റ് ബസുകളിൽ വിദ്യാർത്ഥികൾക്ക് പാസ് അനുവദിക്കേണ്ടതില്ല എന്ന നിബന്ധനയുണ്ടോ എന്നും പ്രസ്തുത ബസുകളുടെ മിനിമം ചാർജ് എത്രയാണെന്നും വ്യക്തമാക്കുമോ;

(ഡി) കോഴിക്കോട് ജില്ലയിൽ ദേശീയപാതയിൽ സർവ്വീസ് നടത്തുന്ന എത്ര ഫാസ്റ്റ്, സൂപ്പർഫാസ്റ്റ് ബസുകൾ ഉണ്ട് എന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ഇ) പെർമിറ്റ് ഇല്ലാതെ ലിമിറ്റഡ് സ്റ്റോപ്പ്, ഫാസ്റ്റ്, സൂപ്പർഫാസ്റ്റ് ബോർഡുവെച്ച് ഏതെങ്കിലും ബസുകൾ സർവ്വീസ് നടത്തുന്നതായി പരാതി ഉണ്ടായിരുന്നോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ട്മെന്റിനെ സംബന്ധിച്ച പൗരാവകാശ രേഖ</u>

444 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ട്മെന്റിനെ സംബന്ധിച്ച പൗരാവകാശരേഖ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എന്നാണ് പ്രസിദ്ധപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പൗരാവകാശ രേഖയുടെ കോപ്പികൾ മോട്ടോർ വെഹിക്കിൾസ് ഓഫീസുകളിൽ ആവശ്യക്കാർക്ക് വിതരണം ചെയ്യാൻ ലഭ്യമല്ലെന്ന പരാതി ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(സി) വെബ്സൈറ്റിൽ ലഭ്യമായാൽ പോലും സാധാരണക്കാർക്ക് അച്ചടിച്ച കോപ്പിയാണ് ആവശ്യമെന്നതിനാൽ മതിയായ കോപ്പികൾ ഓഫീസുകളിൽ ലഭ്യമാക്കാൻ നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>ഹെൽമറ്റ് ധരിക്കാതെ വാഹനമോടിക്കുന്നവരിൽ നിന്നും പിഴ</u>

445 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹെൽമറ്റ് ധരിക്കാതെ വാഹനമോടിക്കുന്നവരിൽ നിന്നും നിയമലംഘനത്തിന് മുൻഗണന നൽകി പിഴ ഈടാക്കുന്നതിന് പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ മദ്യപിച്ച് വാഹനമോടിക്കുന്നത് കൈയ്യോടെ പിടികൂടുന്നതിനെക്കാൾ ശുഷ്കാന്തിയോടെ നിരപരാധികളുടെ വാഹന നമ്പർ നോട്ട് ചെയ്ത് നോട്ടീസ് അയയ്ക്കുന്ന കാര്യം അറിവുണ്ടോ;

(സി) ഹെൽമറ്റ് ധരിക്കാത്തവരെ കൂടുതലായി പിടികൂടുന്നതിന് പോലീസ്കാർക്കോ, മോട്ടോർ വെഹിക്കിൾ ഉദ്യോഗസ്ഥർക്കോ പ്രത്യേക പാരിതോഷികം ഗതാഗത വകുപ്പ് നൽകുന്നുണ്ടോ; നൽകുമെന്ന് അറിയിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ വൻ ട്രാഫിക്ക് ലംഘനങ്ങൾ നടത്തുന്ന കുറ്റവാളികളെ പിടികൂടുന്നതിന് മുന്തിയ പരിഗണന നൽകുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

അനധികൃതമായി 'കേരള സർക്കാർ' എന്ന ബോർഡ് വെക്കുന്ന വാഹനങ്ങൾ

446

ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാർ എന്ന് ബോർഡ് അനധികൃതമായി വെക്കുന്ന വാഹനങ്ങൾക്കെതിരെ നടപടിയെടുക്കുന്നത് സംബന്ധിച്ച് ഈ നിയമസഭയുടെ ഏഴാം സമ്മേളനത്തിൽ ശ്രീ. കെ. എൻ. എ. ഖാദർ ഉന്നയിച്ച നക്ഷത്രചിഹ്നമിടാത്ത 506-ാം നമ്പർ ചോദ്യത്തിന് മറുപടി നൽകിയതിന് ശേഷം നിയമവിരുദ്ധമായി വാഹനങ്ങളിൽ കേരള സർക്കാർ എന്ന് ബോർഡ് വെച്ച എത്ര വാഹനങ്ങളുടെ പേരിൽ നടപടിയെടുത്തുവെന്ന് വ്യക്തമാക്കുമോ;

(ബി) കേരള സർക്കാർ എന്ന ബോർഡു വെക്കാൻ ഏതെല്ലാം വിഭാഗത്തിലെ വാഹനങ്ങൾക്കാണ് അധികാരമുള്ളത്;

(സി) കോഴിക്കോട് ജില്ലയിൽ KL-01-BE-2016, KL-13-W-9999 എന്നീ രജിസ്റ്റർ നമ്പരുള്ള വാഹനങ്ങൾ കേരള സർക്കാർ എന്ന ബോർഡ് സ്ഥാപിച്ച് ഓടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരം വാഹന ഉടമകൾക്കെതിരെ 1988 ലെ മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 177 പ്രകാരം നടപടി സ്വീകരിക്കുമോ;

(ഇ) കേരള സർക്കാർ എന്ന ബോർഡ് വെച്ച് അസമയത്തും ദുരൂഹ സാഹചര്യങ്ങളിലും വാഹനങ്ങൾ കാണപ്പെടുന്നത് നിയന്ത്രിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>ടാങ്കർ അപകടങ്ങൾ</u>

T447 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളിയിൽ അടിക്കടിയുണ്ടാവുന്ന ടാങ്കർ അപകടങ്ങൾ സർക്കാറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അപകടകരമായ രാസപദാർത്ഥങ്ങളും ഉൽപന്നങ്ങളും വഹിച്ചുകൊണ്ടു പോകുന്ന വാഹനങ്ങളുടെ അപകടം ഒഴിവാക്കുന്നതിന് പ്രത്യേക മാനവൽ തയ്യാറാക്കുകമോ;

(സി) കൊടുവള്ളിയിൽ ഉണ്ടായ ഗ്യാസ് ടാങ്കർ ദുരന്തത്തിൽ മരണപ്പെട്ട പത്ര വിതരണക്കാരനായ മുഹമ്മദ് ഫിറോസ് എന്ന വിദ്യാർത്ഥിയുടെ കുടുംബത്തിന് ഇതര ടാങ്കർ ദുരന്തങ്ങളിൽ നൽകിയ നഷ്ടപരിഹാരം നൽകാൻ തയ്യാറാവുമോ ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

ബസുകളിൽ ചവിട്ടുപടികളുടെ ഉയരക്കൂടുതൽ

448 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബസ്സുകളിൽ ചവിട്ടുപടികളുടെ ഉയരക്കൂടുതൽ കാരണം മുതിർന്ന പൗരൻമാരും സ്ത്രീകളും കുട്ടികളും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ബസ്സുകളിൽ ചവിട്ടുപടികളുടെ ഉയരം സംബന്ധിച്ച് നിലവിലുള്ള മാനദണ്ഡം വിശദമാക്കാമോ ;

(സി) ചില ബസ്സുകളിൽ മാത്രം പ്രസ്തുത മാനദണ്ഡം പാലിക്കാത്തതിന് കാരണം വിശദമാക്കാമോ ;

(ഡി) ബസ്സുകളിൽ ചവിട്ടുപടികളുടെ ഉയരക്കൂടുതൽ ക്രമീകരിച്ച് യാത്രാദുരിതം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

എം.സി. റോഡിലെ സുരക്ഷാ ക്രമീകരണങ്ങൾ

449 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം.സി. റോഡിൽ കാരേറ്റ് മുതൽ തട്ടത്തുമല വരെയുള്ള ഭാഗത്ത് 2012-2013-ൽ എന്തെല്ലാം സുരക്ഷാ ക്രമീകരണങ്ങളാണ് മോട്ടോർ വാഹന വകുപ്പും റോഡ് സേഫ്റ്റി അതോറിട്ടിയും നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഇതിനായി എന്ത് തുക ചെലവായിട്ടുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) 2012-13-ൽ പ്രസ്തുത മേഖലയിൽ എത്ര വാഹനാപകടങ്ങൾ നടന്നിട്ടുണ്ടെന്നും എത്ര പേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ടെന്നും എത്ര പേർക്ക് പരിക്ക് പറ്റിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

റോഡ് സേഫ്റ്റി വിഭാഗത്തിന്റെ പ്രവർത്തനം

450 ശ്രീ. എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡ് സേഫ്റ്റി വിഭാഗത്തിന്റെ പ്രവർത്തനം എപ്രകാരമാണ് ;

(ബി) റോഡ് സംരക്ഷണത്തിന് വകയിരുത്തിയിരിക്കുന്ന തുക ആർ. ടി. ഒ. മാർ അനാവശ്യമായി ചെലവഴിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) റോഡ് സേഫ്റ്റിയ്ക്ക് വകയിരുത്തിയ തുക ധൂർത്തടിച്ച ഉദ്യോഗസ്ഥന്മാർക്കെതിരെ വിജിലൻസ് കോടതി കേസെടുത്തിട്ടുണ്ടോ ;

(ഡി) ഓരോ ജില്ലയിലും റോഡു സംരക്ഷണത്തിന് 2007 മുതൽ 2013 വരെയുള്ള കാലയളവിലെ ബജറ്റ് വിഹിത-വിനിയോഗം എത്രയാണെന്ന് വിശദീകരിക്കുമോ ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>സ്കൂൾ കുട്ടികളുടെ യാത്രാ സുരക്ഷിതത്വം</u>

451 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അദ്ധ്യയന വർഷാരംഭത്തിൽ സ്കൂൾ കുട്ടികളുടെ യാത്രാ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികളുടെ വിശദാംശം അറിയിക്കുമോ;

(ബി) സ്കൂൾ കുട്ടികളെ കൊണ്ടുപോകുന്നതിനുള്ള സ്വകാര്യ വാഹനങ്ങളുടേയും, സ്കൂൾ ബസ്സുകളുടേയും സുരക്ഷിതത്വം സംബന്ധിച്ച് എന്തെല്ലാം നിബന്ധനകൾ ഉണ്ടെന്ന് അറിയിക്കുമോ;

(സി) മോട്ടോർ വാഹന വകുപ്പ്, പോലീസും സ്കൂൾ അധികൃതരും രക്ഷിതാക്കളും ഉൾപ്പെട്ട പ്രാദേശിക സമിതികൾ രൂപീകരിച്ച് ബോധവത്കരണ പരിപാടിയടക്കമുള്ള ക്യാമ്പയിനുകൾ സംഘടിപ്പിക്കുവാൻ തയ്യാറാകുമോ?

## കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സിയിൽ ഡ്രൈവർ നിയമനം</u>

452 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി. സി. യിൽ ഡ്രൈവർ നിയമനത്തിനായി പി.എസ്.സി. പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്ന് എത്ര പേർക്ക് നിയമനം നൽകി എന്നു വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തസ്തികയിൽ വേക്കൻസി ഉണ്ടാകുമ്പോൾ തന്നെ അത് പി.എസ്.സി. യിലേക്ക് റിപ്പോർട്ടു ചെയ്യപ്പെടുന്നുണ്ടോ;

(സി) എങ്കിൽ ഈ സർക്കാർ നിലവിൽ വന്നതിനുശേഷം പ്രതിമാസം പ്രസ്തുത തസ്തികയിലേക്ക് കെ.എസ്. ആർ.ടി.സി.യിൽ നിന്നും റിപ്പോർട്ടു ചെയ്തിട്ടുള്ള വേക്കൻസികളുടെ പട്ടിക ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

കെ. എസ്. ആർ. ടി. സി. കണ്ടക്ടർ നിയമനം

453 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി. എസ്.സി റാങ്കുലിസ്റ്റുപ്രകാരം കെ. എസ്. ആർ. ടി. സി. യിലേക്ക് കണ്ടക്ടർമാരുടെ നിയമന ഉത്തരവു നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്നും എത്രപേരെ നിയമിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ; കണ്ടക്ടർമാരുടെ എത്ര ഒഴിവുകളാണ് നിലവിലുളളത് എന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>റിസര്‍വ്വ് കണ്ടക്ടര്‍ നിയമനം</u>

454

ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കെ.എസ്.ആര്‍.ടി.സി. റിസര്‍വ്വ് കണ്ടക്ടര്‍ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ച സമയത്ത് എത്ര ഒഴിവുകള്‍ പി.എസ്.സി.ക്ക് റിപ്പോര്‍ട്ട് ചെയ്തിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികയില്‍ ഇപ്പോള്‍ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) അപേക്ഷ ക്ഷണിച്ചപ്പോഴുള്ളതിനേക്കാള്‍ ഒഴിവുകളുടെ എണ്ണം കുറഞ്ഞിട്ടുണ്ടെങ്കില്‍ ആയതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ;

(ഡി) അടിയന്തിരമായി എത്ര പേരെ നിയമിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>ഫൈബർ ബോട്ടുകൾ</u>

455 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലഗതാഗതവകുപ്പ് എത്ര ഫൈബർ ബോട്ടുകൾ വാങ്ങിയിട്ടുണ്ടെന്നും ഈ ബോട്ടുകൾ ഇപ്പോഴും സർവ്വീസ് നടത്തുന്നുണ്ടോ എന്നും വ്യക്തമാക്കുമോ;

(ബി) ഓരോ ബോട്ടിനും എത്ര രൂപ വീതം ചെലവഴിച്ചിട്ടുണ്ട് എന്നും ഫൈബർ ബോട്ടുകൾ വാങ്ങാൻ ആകെ എത്ര രൂപ ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ;

(സി) ഫൈബർ ബോട്ടുകൾ സുരക്ഷിതമല്ല എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കൈക്കൊണ്ടിട്ടുള്ള നടപടികളെന്തെന്ന് വ്യക്തമാക്കുമോ;

(ഡി) കൂടുതൽ ഫൈബർ ബോട്ടുകൾ വാങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നു വ്യക്തമാക്കുമോ?